A. GOVINDA PILLAI
9 SUBHASH NAGAR
TRIVANDRUM - 8

PC Library & Research Center

3792

# അഴിമതി:
# അഴിമതി::
# അഴിമതി:::

**azhimathi! azhimathi!! azhimathi!!!** ★ collection of documents ★ published by chintha publishers, trivandrum ★ october 1983 ★ distributed by deshabhimani book house, trivandrum ★ printed at social scientist press, pattom, trivandrum-4.

*price: rupees four*

വിതരണം:

**ദേശാഭിമാനി ബുക്ക് ഹൗസ്**

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം,
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

CO-214-354

# അഴിമതി!
# അഴിമതി!!
# അഴിമതി!!!

PC Library & Research Center

രേഖാസമാഹാരം

3792

ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം
വില 4.00 രൂപ

363·6095483

# ആമുഖം

ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ കോൺഗ്രസ് (ഐ) നേതൃത്വത്തിൽ നിലവിലുള്ള ഗവൺമെൻറുകൾ അഴിമതിയുടെയും സ്വജനപക്ഷപാതത്തിൻെറയും കഴിവുകേടിൻെറയും പര്യായങ്ങളായിമാറിയിട്ടുണ്ട്. അവയിലൊന്നാണ് ദക്ഷിണേന്ത്യയിൽ കോൺഗ്രസ് (ഐ) നേതൃത്വത്തിലുള്ള ഏക മന്ത്രിസഭയായ ശ്രീ. കരുണാകരൻെറ നേതൃത്വത്തിലുള്ള 'ഐക്യജനാധിപത്യമുന്നണി' ഗവൺമെൻറ്. ഈ ഗവൺമെൻറിലെ ഓരോ മന്ത്രിമാരെപ്പററിയും നിയമസഭക്കുള്ളിലും പുറത്തും നിരവധി അഴിമതിയാരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അവയെക്കുറിച്ച് എന്തെങ്കിലും മറുപടികൾ നൽകി ഒഴിഞ്ഞുമാറുകയോ ലജ്ജാകരമായ മൗനം പാലിക്കുകയോ ആണ് ശ്രീ കരുണാകരനും കൂട്ടരും ഇന്നുവരെ ചെയ്തിട്ടുള്ളത്. ബഹുജനങ്ങൾക്ക് ബോധ്യമാകുന്നതരത്തിൽ ഒരന്വേഷണം ഏർപ്പെടുത്താൻ ഗവൺമെൻറ് ഒരിക്കലും തയ്യാറായിട്ടില്ല. സ്വയം ചെയ്ത അഴിമതികൾ തെളിഞ്ഞാലുള്ള ഭവിഷ്യത്ത് പേടിച്ച് അഴിമതിയാരോപണങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഒരു മാനനഷ്ടക്കേസ് കൊടുക്കാൻ പോലും അവർക്ക് കഴിയുകയില്ല. അത്രത്തോളം സ്പഷ്ടമായ തെളിവുകൾ അവർക്കെതിരെ ധാരാളമുണ്ട്.

ഈ സാഹചര്യത്തിൽ,

കേരള മന്ത്രിസഭയിലെ ഒരു മന്ത്രിക്കെതിരെ മാത്രം ഉന്നയിക്കപ്പെട്ട അഴിമതിയാരോപണങ്ങളെയും അവയെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി നേതാക്കൾ സ്വീകരിച്ച നിലപാടിൻെറയും സംക്ഷിപ്ത ചിത്രം നൽകുന്ന കത്തുകളും പ്രസ്താവനകളും നിയമസഭാ പ്രസംഗങ്ങളും ബഹുജനങ്ങളുടെ അറിവിലേക്കായി ഇവിടെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

## പ്രതിപക്ഷനേതാക്കൾ മുഖ്യമന്ത്രിക്ക് 3-8-1983ൽ നൽകിയ മെമ്മോറാണ്ടം

ബഹു: മുഖ്യമന്ത്രി,
കേരള സംസ്ഥാനം.

സർ,

വിദ്യുച്ഛക്തി മന്ത്രി ശ്രീ. ആർ ബാലകൃഷ്ണ പിള്ളയുടെ പേരിൽ ഈ നിയമസഭാ സമ്മേളനത്തിൽ സഭാതലത്തിൽ നിരവധി അഴിമതിയാരോപണങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നുവല്ലോ. ഈ സമ്മേളനത്തിൽ ഉടനീളവും 1983 ജൂലായ് 19–ാം തീയതി വിദ്യുച്ഛക്തി വകുപ്പിന്റെ ധനാഭ്യർഥന ചർച്ചയിൽ പ്രത്യേകിച്ചും ഉന്നയിക്കപ്പെട്ട അഴിമതിയാരോപണങ്ങൾ തികഞ്ഞ ഉത്തരവാദിത്വ ബോധത്തോടെ, കണക്കുകളുടെയും രേഖകളുടെയും പിൻബലത്തോടെ സഭാതലത്തിൽ ഉന്നയിക്കപ്പെട്ടവയാണ്. കക്കാട് പ്രോജക്ററിന്റെ കാര്യത്തിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയ ചർച്ചക്കിടയിൽ ശ്രീ. എം വി രാഘവൻ പ്രസ്താവിച്ച വസ്തുതകളും ധനാഭ്യർഥനയുടെ ചർച്ചാവേളയിൽ ശ്രീ. എം ജിനദേവൻ, ശ്രീ. സി പി മൂസാൻകുട്ടി (സി പി എം), ശ്രീ. വി കെ രാജൻ (സി പി ഐ), ശ്രീ. എ വി താമരാക്ഷൻ (ആർ എസ് പി), ശ്രീ. എ കെ ശശീന്ദ്രൻ (കോൺഗ്രസ് –എസ്) ശ്രീ. ലോനപ്പൻ നമ്പാടൻ എന്നീ നിയമസഭാംഗങ്ങൾ സഭയിൽ ഉന്നയിച്ച അഴിമതിയാരോപണങ്ങളും വിദ്യുച്ഛക്തി മന്ത്രി അഴിമതി നടത്തിയെന്ന കാര്യത്തിൽ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന സംശയാതീതമായ നിഗമനത്തിലേക്ക് നയിക്കുന്നവയാണ്. ആരോപണങ്ങളുടെ

സംക്ഷിപ്ത വിവരങ്ങൾ ഈ നിവേദനത്തോടൊപ്പം വെക്കുന്നു.

ഈ അഴിമതിയാരോപണങ്ങളെ സംബന്ധിച്ച മുഖ്യമന്ത്രിയുടെ നിലപാട് എന്താണെന്ന് പ്രതിപക്ഷ നേതാവ് ആരാഞ്ഞപ്പോൾ അവയ്ക്ക് മറുപടി നൽകിക്കഴിഞ്ഞ സ്ഥിതിക്ക് മററൊന്നും പറയാനില്ല എന്നായിരുന്നു താങ്കളുടെ ഒഴുക്കൻ മറുപടി. എന്നാൽ നിയമസഭാനടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി മുൻകൂട്ടി നോട്ടീസ് നൽകി ഉന്നയിക്കപ്പെട്ട പ്രസ്തുത ആരോപണങ്ങൾക്ക് സ്പഷ്ടവും സഭയെ ബോധ്യപ്പെടുത്തുന്നതുമായ മറുപടി നൽകാൻ ശ്രീ. ബാലകൃഷ്ണപിള്ളക്ക് കഴിഞ്ഞില്ല എന്ന വസ്തുത താങ്കൾക്കും അറിയാമല്ലോ. ശ്രീ. ബാലകൃഷ്ണപിള്ളയുടെ മന്ത്രി എന്ന നിലയിലുള്ള കുപ്രസിദ്ധമായ പ്രവർത്തനശൈലിയെക്കുറിച്ച് ഭരണകക്ഷിയിൽ പെട്ടവർക്കുതന്നെ ആക്ഷേപമുള്ളതായും താങ്കൾക്കറിയാം.

ജനപ്രതിനിധിസഭയിൽ ഉന്നയിക്കപ്പെട്ട അഴിമതിയാരോപണങ്ങൾ യഥാസന്ദർഭത്തിൽ തെളിയിക്കാൻ തയ്യാറാണെന്ന് അവ ഉന്നയിച്ച അംഗങ്ങൾതന്നെ ഏററു പറഞ്ഞിട്ടുണ്ട്. അഴിമതിയാരോപണങ്ങൾ തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ താൻ നിയമസഭാസാമാജികത്വം രാജിവയ്ക്കാമെന്ന് ജൂലായ് 26-ാം തിയതി ശ്രീ. എം വി രാഘവൻ നിയമസഭയിൽ പ്രസ്താവിച്ചപ്പോൾ ഉപാധികളോടെയാണെങ്കിലും അന്വേഷണം നടത്തുന്നത് തനിക്ക് സമ്മതമാണെന്ന് ശ്രീ. ബാലകൃഷ്ണപിള്ളയും പ്രസ്താവിച്ചിട്ടുണ്ട്. ആരോപണം ഉന്നയിച്ച നിയമസഭാംഗങ്ങൾതന്നെ അതു തെളിയിക്കുന്നതിൻെറ ബാധ്യതയും ഉത്തരവാദിത്വവും ഏറെറടുത്തിട്ടുള്ള സ്ഥിതിക്ക് പ്രസ്തുത ആരോപണങ്ങളെ സംബന്ധിച്ച് സത്യസന്ധവും നിഷ്പക്ഷവുമായ ഒരന്വേഷണം ഏർപ്പെടുത്താൻ മുഖ്യമന്ത്രിയെന്ന നിലയിൽ താങ്കൾ പ്രതിജ്ഞാബദ്ധനാണെന്ന് ഞങ്ങൾ താങ്കളെ ഓർമിപ്പിക്കട്ടെ. അന്വേഷണം വൈകുന്തോറും

ബന്ധപ്പെട്ട രേഖകളും ഫയലുകളും അപ്രത്യക്ഷമാവുകയോ മാററിമറിച്ചിലുകരംക്ക് വിധേയമാവുകയോ ചെയ്യാനിടയുണ്ട്.

അതിനാൽ, ഈ സാഹചര്യത്തിൽ, വിദ്യുച്ഛക്തി മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ളയുടെ പേരിൽ ഇവിടെ എടുത്തു പറഞ്ഞിട്ടുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ച് ഹൈക്കോടതിയിലെ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അടിയന്തരമായി അന്വേഷണം നടത്താൻ ഉത്തരവു നൽകണമെന്ന് ഞങ്ങരം അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ,

1 ഇ കെ നായനാർ
2 കെ വി സുരേന്ദ്രനാഥ്
3 ബേബി ജോൺ
4 എ സി ഷൺമുഖദാസ്
5 എൻ എ മമ്മുഹാജി
6 കെ ചന്ദ്രശേഖരൻ
7 എൻ ശക്തൻനാടാർ

തിരുവനന്തപുരം,
3–8–1983.

## വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളയുടെ പേരിൽ നിയമസഭയിൽ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങൾ

1. ലോവർ പെരിയാർപദ്ധതിക്ക് ടണൽ ഡ്രൈവിംഗ് ജോലികൾ നിർവഹിക്കാൻ ഏഷ്യൻ ടെക് എന്ന കമ്പനിയേക്കാൾ 1 09 80 000 രൂപ കൂടുതൽ കോട്ടു ചെയ്തിരുന്ന ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിക്ക് (എച്ച് സി സി) പ്രസ്തുത ജോലിയുടെ കോൺട്രാക്ട് നൽകി. ഇപ്രകാരം എച്ച് സി സി ക്ക് കരാർ നൽകുന്നതിനുവേണ്ടി സാങ്കേതികമായി എച്ച് സി സി ഏററവും കുറഞ്ഞ കരാറുകാരനാണെന്ന് സ്ഥാപിക്കാൻവേണ്ടി കീഴ്വഴക്കങ്ങളും അംഗീകൃത മാനദണ്ഡങ്ങളും ലംഘിച്ച് ടെണ്ടറുകളുടെ ടാബുലേഷനിൽ കൃത്രിമം കാണിച്ചു. ഈ ഏർപ്പാടിൽ മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ള 50 ലക്ഷം രൂപ കൈക്കൂലി വാങ്ങിയിട്ടുണ്ട്.

2. കക്കാട് പ്രോജക്ടിന്റെ പവ്വർ ടണൽ ഡ്രൈവിംഗും കോൺക്രീററ് ലൈനിംഗും സംബന്ധിച്ച ജോലികൾ കോട്ടയത്തുള്ള സി എസ് കമ്പനിക്ക് കോൺട്രാക്ട് നൽകിയതിലും ചട്ടങ്ങളെ മറികടന്ന് പ്രസ്തുത കമ്പനിക്ക് മൊബിലൈസേഷൻ അഡ്വാൻസ് എന്ന പേരിൽ 19 ലക്ഷം രൂപ നൽകിയതിലും അഴിമതിയുണ്ട്. ഈ ഏർപ്പാടിൽ മന്ത്രി 5 ലക്ഷം രൂപ കൈക്കൂലി വാങ്ങിയിട്ടുണ്ട്.

3. ഇടുക്കി രണ്ടാംഘട്ടം പദ്ധതിയുടെ പ്രഷർഷാഫ്ററിൽ സ്ഥാപിക്കാനുള്ള സ്ററീൽ ലൈനർ പൈപ്പുകളുടെ ട്രാൻസ്പോർട്ടിംഗും ഇറക്കലും ജോലികൾ ലോവസ്ററ് ക്വാട്ടേഷൻകാരായ മദ്രാസിലെ ബിന്നികമ്പനിക്ക് നൽകാതെ എച്ച് സി സിയുടെ തന്നെ ഒരു സഹോദര സ്ഥാപനമായ പൂനയിലുള്ള ഇന്ത്യൻ ഹ്യൂം പൈപ്പ് കമ്പനിക്ക് കോൺട്രാക്ട് നൽകിയതിൽ മന്ത്രി ഇടപെട്ട് അഴിമതി നടത്തി.

4. ഇടമലയാർ പദ്ധതിയുടെ കോൺട്രാക്ടർമാരായ എച്ച് സി സി ക്ക് തൊഴിൽക്കുഴപ്പങ്ങളുടെയും മററും പേരിൽ 145.38 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയും മന്ത്രിസഭാ തീരുമാനംപോലും മറികടന്ന് ഏററെടുത്ത പണികഠംപോലും തീർക്കാതെ കാലാവധി നീട്ടിക്കൊടുക്കുകയും ചെയ്തതിൽ മന്ത്രി ഇടപെട്ട് അഴിമതി നടത്തി.

5. ഇടുക്കി രണ്ടാംഘട്ടത്തിനുവേണ്ടിയുള്ള 3 ട്രാൻസ്ഫോമറുകഠം വാങ്ങുന്നതിന് പൊതുമേഖലാ സ്ഥാപനമായ 'ടെൽക്' കമ്പനിക്ക് നൽകിയിരുന്ന ഓർഡർ റദ്ദുചെയ്യുകയും ക്രോംപ്ററൺ എൻജിനീയറിംഗ് കമ്പനിക്ക് പുതിയ ഓർഡർ നൽകുകയും ചെയ്തതിൽ മന്ത്രിയുടെ ബന്ധുവായ പരമേശ്വരൻകുട്ടി എന്നയാളിനെ ഏജൻറാക്കി പ്രവർത്തിച്ച് 20 ലക്ഷം രൂപ കൈക്കൂലി വാങ്ങി.

6. ട്രാൻസ്മിഷൻ ടവ്വേഴ്സിൻെറ പണി, ബോർഡിലെ ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടിനെപ്പോലും മറികടന്ന് മദ്രാസിലെ ഗ്രോവൽ കമ്പനിക്ക് നൽകിയതിൽ മന്ത്രി അഴിമതി നടത്തി.

7. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡർ പൊതുമേഖലാ ഉടമയിലുള്ള 'KEL' കമ്പനി, സ്വകാര്യ ഉടമയിലുള്ള ഇന്ത്യൻ ട്രാൻസ്ഫോമേഴ്സ് കമ്പനി എന്നിവർക്ക് നൽകാതെ സംസ്ഥാനത്തിനുപുറത്തുള്ള ജോൺസൻ എന്ന കമ്പനിക്ക് നൽകിയതിൽ മന്ത്രി അഴിമതി നടത്തി.

8. കെ എസ് ഇ ബോർഡിലെ സാധനസാമഗ്രികഠം വാങ്ങുന്ന 12 കമ്പനികളുടെ ഏജൻറായി വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ ബന്ധുവായ പരമേശ്വരൻകുട്ടി എന്നയാളെ പ്രവർത്തിക്കാൻ നിയോഗിച്ചതിൽ മന്ത്രി അഴിമതി നടത്തി.

9. ഇലക്ട്രിസിററി ബോർഡിന് പ്രതിവർഷം 10 000 പോളിഫേഡ് മീറററുകഠം മാത്രമേ ആവശ്യമുള്ളൂ എന്നിരിക്കെ 68,000 മീറററുകഠംക്ക് ഒന്നിച്ച് ഓർഡർ നൽകുകയും അതിൽ 53,000 മീറററുകഠംക്കുള്ള ഓർഡർ

ഹൈദ്രബാദിലെ സിംകോ മീറ്ററേഴ്സ് ആൻറ് ഇലക്ട്രിക്കൽസ് മുതലായ കമ്പനിക്ക് നൽകുകയും ചെയ്തതിൽ മന്ത്രി അഴിമതി നടത്തിയിട്ടുണ്ട്.

10. വിദ്യുച്ഛക്തി ബോർഡിനുവേണ്ടി 186.72 ലക്ഷം രൂപക്കുള്ള 660 കിലോമീററർ എ സി എസ് ആർ കേബിററസ് നെഗോഷിയേററ് ചെയ്തുകൊടുക്കുകയായിരുന്നു. അതിൽ കുണ്ടറ അലിൻഡ് കമ്പനി നെഗോഷിയേററ് ചെയ്ത് റേററ് എഗ്രി ചെയ്തിട്ടും അവർക്ക് നൽകാതെ അതേ റേററിൽ സംസ്ഥാനത്തിനുപുറത്തുള്ള മദ്രാസിലെ ഫാൽക്കൺവയേഴ്സ്, ഒമേഗാ എന്നീ കമ്പനികരംക്ക് നൽകിയതിൽ മന്ത്രിയുടെ ബന്ധു പരമേശ്വരൻ കുട്ടി പ്രസ്തുത കമ്പനികളുടെ ഏജൻറായി പ്രവർത്തിക്കുകയും 20 ശതമാനം കമ്മിഷൻ വാങ്ങുകയും ചെയ്തതിൽ മന്ത്രിക്ക് പങ്കുണ്ട്.

11. തിരുവനന്തപുരത്തെ മാസ്ററർപ്ലാൻ സ്കീമിനുവേണ്ടി, പ്രസ്തുത പ്ലാനിന് ഫൈനൽ അപ്രൂവൽ കിട്ടുന്നതിനുമുമ്പ്; ഗുണക്കുറവുള്ള 2 കോടി രൂപയുടെ കേബിളുകരം യു പി യിലെ യൂണിവേഴ്സൽ കേബിററ കമ്പനിയിൽനിന്നും വാങ്ങിയതിൽ മന്ത്രി അഴിമതി നടത്തുകയും അത്രയും കേബിളുകരം ഉപയോഗശൂന്യമായതുമൂലം ബോർഡിന് വമ്പിച്ച നഷ്ടം വരുകയും ചെയ്തു.

12. വെള്ളൂർ ന്യൂസ്പ്രിൻറ് ഫാക്ടറിയിൽ ഇലക്ട്രിക്കൽ ഇൻസ്ററലേഷൻ വർക്കുകരംക്കുള്ള കോൺട്രാക്ടറായ പൂനയിലെ വെസ്റ്റേൺ ഇന്ത്യാ ഇറക്ടേഴ്സ് എന്ന സ്വകാര്യസ്ഥാപനത്തിന് ലൈസൻസ് നൽകുന്നതിൽ മന്ത്രി അവിഹിതമായി ഇടപെട്ടു.

13. റവന്യുവകുപ്പിൽ തഹസിൽദാരായിരിക്കെ പാലക്കാട്ടേക്ക് സ്ഥലം മാററപ്പെട്ട മന്ത്രിയുടെ ബന്ധുവായ തഹസിൽദാർ ഉണ്ണിക്കൃഷ്ണൻ നായരെ കെ എസ് ഇ ബി യുടെ ലാൻറ് അക്വിസിഷൻ വിഭാഗത്തിലുണ്ടായിരുന്ന

ഡെപ്യൂട്ടി തഹസീൽദാർ തസ്തിക അപ്ഗ്രേഡ് ചെയ്ത് തഹസിൽദാർ തസ്തികയിൽ നിയമിക്കുകയും തിരുവനന്തപുരത്തുള്ള ഓഫീസ് വിഭജിച്ച് ഒരെണ്ണം കൊട്ടാരക്കരയിലേക്ക് മാററി ഉണ്ണികൃഷ്ണൻനായരെ അവിടെ തഹസിൽദാരായി നിയമിക്കുകയും ചെയ്ത് മന്ത്രി സ്വജനപക്ഷപാതം കാണിച്ചു.

14. ഇലക്ട്രിസിററി സപ്ലെ നിയമത്തിൻെറ 78 എ വകുപ്പനുസരിച്ച് ബോർഡിന് നയരൂപീകരണം സംബന്ധിച്ച കാര്യങ്ങളിൽ നിർദേശം നൽകാൻ മാത്രമേ ഗവൺമെൻറിന് അധികാരമുള്ളൂ എന്നിരിക്കെ ശ്രീ. ബാലകൃഷ്ണപിള്ള മന്ത്രി എന്ന നിലയിൽ ബോർഡിൻെറ ദൈനംദിന പ്രവർത്തനങ്ങളിൽ നിർദേശം നൽകുകയും ജീവനക്കാരുടെ സ്ഥലംമാററം തുടങ്ങിയ കാര്യങ്ങളിൽ അംഗീകൃത മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് നിർദേശങ്ങളും ഉത്തരവുകളും നൽകിക്കൊണ്ടിരിക്കുകയും ഇലക്ട്രിസിററി സപ്ലൈ നിയമത്തിലെ വ്യവസ്ഥകളെ നഗ്നമായി ലംഘിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

*പ്രതിപക്ഷനേതാവ് സ: ഇ കെ നായനാർ 6-8-83ൽ പുറപ്പെടുവിച്ച പ്രസ്താവന:*

## അന്വേഷണം പ്രഹസനമാകരുത്

വിദ്യുച്ഛക്തിവകുപ്പു മന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളയുടെ പേരിൽ നിയമസഭാതലത്തിൽ ഉന്നയിക്കപ്പെട്ട അഴിമതിയാരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്ന് ഒരു റിട്ട: ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കയാണല്ലോ. നിയമസഭയിൽ ഉന്നീതമായ പതിനാല് അഴിമതിയാരോപണങ്ങൾ ക്രോഡീകരിച്ചുകൊണ്ട് പ്രതിപക്ഷ കക്ഷി നേതാക്കൻമാർ ആഗസ്ററു 3—ാം തിയതി മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തെ തുടർന്നാണ് മന്ത്രിസഭ ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ ഒരു കാര്യം വ്യക്തമാക്കട്ടെ.

പ്രതിപക്ഷ കക്ഷി നേതാക്കൻമാർ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൻെറ അന്തസത്തക്ക് അനുയോജ്യമല്ല ഈ തീരുമാനം. നിഷ്പക്ഷമായ ഒരന്വേഷണം ഈ വിഷയത്തിൽ ഉണ്ടാകണമെന്ന ആഗ്രഹവുമല്ല ഈ മന്ത്രിസഭാ തീരുമാനത്തിൻെറ പിന്നിലുള്ളത്.

പ്രതിപക്ഷം ആവശ്യപ്പെട്ടതുപോലെ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം ഏർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറായിട്ടില്ല. പൂർവകാലാനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരു റിട്ടയേർഡ് ജഡ്ജിയെക്കൊണ്ടുള്ള അന്വേഷണത്തിൻെറ ഫലം എന്തായിരിക്കുമെന്ന് പ്രവചിക്കാവുന്നതേയുള്ളു. അതുപോലെതന്നെ പല ആരോപണങ്ങളും ഏതെങ്കിലും കാരണം പറഞ്ഞ് ഗവൺമെൻറു തന്നെ പ്രഥമദൃഷ്ട്യാ തള്ളിക്കളഞ്ഞുകൊണ്ട് അവശേഷിക്കുന്നവ മാത്രമാണ് റിട്ട: ജഡ്ജിയുടെ തന്നെ പ്രഥമദൃഷ്ട്യാ ഉള്ള പരിശോധനക്ക് വിധേയമാക്കുകയുള്ളൂ എന്നാണ് പത്രറിപ്പോർട്ടുകളിൽ നിന്നും അറിയുന്നത്. നിഷേധിക്കാനാ

വാത്ത തെളിവുകൾ ധാരാളമുള്ള അഴിമതിയാരോപണങ്ങളെ അന്വേഷണപരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് അന്വേഷണം ഏർപ്പെടുത്തുന്നതിൻെറ അർത്ഥമെന്താണ്?

അതുമാത്രമല്ല, ശ്രീ. ബാലകൃഷ്ണപിള്ളയെ വിദ്യുച്ഛക്തി വകുപ്പിൽ നിന്നും മാററാതെ അന്വേഷണം ഏർപ്പെടുത്തുന്നത് കുററവാളി സ്വയം പ്രോസിക്യൂട്ടറും വിധികർത്താവും ആകുന്ന സാഹചര്യം സൃഷ്ടിക്കും. വിദ്യുച്ഛക്തി വകുപ്പിലെ ഒട്ടേറെ ഫയലുകളാണ് അഴിമതിയാരോപണങ്ങളിലെ തെളിവുകൾക്ക് ആധാരമായിട്ടുള്ളത്. ആ തെളിവുകൾ ശ്രീ. ബാലകൃഷ്ണപിള്ളയുടെ കൈയിലിരിക്കെ അന്വേഷണം കൊണ്ടുള്ള പ്രയോജനമെന്താണ്? കരചരണാദികൾ ഛേദിച്ചുകൊണ്ടുള്ള ഒരന്വേഷണം നടത്താൻ മുൻകൂട്ടിത്തന്നെ മന്ത്രിസഭ തീരുമാനിച്ചതിൻെറ വെളിച്ചത്തിലല്ലേ ശ്രീ. ബാലകൃഷ്ണപിള്ള ആരോപണങ്ങളിലൊന്നെങ്കിലും തെളിഞ്ഞാൽ താൻ മന്ത്രിസ്ഥാനം രാജിവെക്കാമെന്ന് വെല്ലുവിളിനടത്തി നിയമസഭയിൽ ഊററം കാണിച്ചത്? അതിൻെറ പൊള്ളത്തരവും കാപട്യവും ഇപ്പോൾ വ്യക്തമായി.

മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽത്തന്നെ ഈ വസ്തുതകൾ പ്രതിപക്ഷ നേതാക്കൻമാർ സൂചിപ്പിച്ചിരുന്നു. ആ സ്ഥിതിക്ക് അവ പരിഗണിക്കേണ്ടത് മന്ത്രിസഭയുടെ ചുമതലയായിരുന്നു. അതു ചെയ്യാതെ പ്രതിപക്ഷ നേതാക്കൻമാരുടെ നിവേദനത്തിൽ ചൂണ്ടിക്കാണിച്ച അഴിമതിയാരോപണങ്ങളിൻമേൽ ഗവൺമെൻറു തന്നെ പ്രഥമ ദൃഷ്ട്യാ പരിശോധന നടത്തിയിട്ട് അവശേഷിക്കുന്നവ ഏതാനും ഒരു റിട്ട: ജഡ്ജിക്കു വിട്ടുകൊടുത്ത്, ബന്ധപ്പെട്ട തെളിവുകൾ ശ്രീ. ബാലകൃഷ്ണപിള്ളയുടെ കൈവശം സൂക്ഷിക്കാൻ അനുവദിച്ചുകൊണ്ട് ഇത്തരം ഒരന്വേഷണ പ്രഹസനം ഏർപ്പെടുത്തുന്നതിനോട് പ്രതിപക്ഷ നേതാക്കൻമാർക്ക് യോജിക്കാനാവില്ല.

*പ്രതിപക്ഷ നേതാക്കൾ ഇ കെ നായനാർ, കെ പി പ്രഭാകരൻ, എ സി ഷൺമുഖദാസ്, ബേബി ജോൺ, കെ ചന്ദ്രശേഖരൻ, പി എം അബൂബക്കർ, എൻ ശക്തൻ നാടാർ എന്നിവർ 10-8-83ൽ പുറപ്പെടുവിച്ച പ്രസ്താവന*

## അന്വേഷണം സത്യസന്ധവും നിഷ്പക്ഷവുമാകണം

വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളയുടെ പേരിൽ ഇക്കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ സഭാതലത്തിൽ ഉന്നയിക്കപ്പെട്ട പതിനാല് അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്ന് ആഗസ്ത് 3-ാം തിയതി ഞങ്ങൾ മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത അഴിമതിയാരോപണങ്ങളിൽ ചിലതിനെക്കുറിച്ച് അന്വേഷണം നടത്താൻ ഗവൺമെൻറ് തീരുമാനിച്ചതായറിയുന്നു. പത്രവാർത്തകളിൽ നിന്നും ആ തീരുമാനം ഇങ്ങനെയാണെന്നാണ് മനസ്സിലാകുന്നത്.

1. ഒരു റിട്ടയേർഡ് ജഡ്ജിയെക്കൊണ്ടായിരിക്കും അഴിമതിയാരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുക.

2. വിദ്യുച്ഛക്തി വകുപ്പിൻെറ ദൈനംദിന ഭരണത്തിൽ മന്ത്രി നിയമവിരുദ്ധമായി ഇടപെടുന്നുവെന്ന ആരോപണമുൾപ്പടെ ചില ആരോപണങ്ങൾ അന്വേഷണപരിധിയിൽ വരികയില്ല.

3. ശ്രീ. ആർ ബാലകൃഷ്ണപിള്ളയെ വിദ്യുച്ഛക്തി വകുപ്പിൻെറ ചുമതലയിൽ നിന്ന് ഒഴിവാക്കുകയില്ല.

ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരായി ഉന്നയിക്കപ്പെട്ട അഴിമതിയാരോപണങ്ങളെ ഗവൺമെൻറ് ഗൗരവത്തോടെയാണ് കാണുന്നതെങ്കിൽ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്ന തീരുമാനം നീതീകരിക്കാനാകാത്തതാണ്. ഞങ്ങൾ മുഖ്യ

മന്ത്രിക്ക് നൽകിയ നിവേദനത്തിൻെറ ഉള്ളടക്കത്തിനു യോജിച്ചതല്ല ഈ തീരുമാനം. ഒരു റിട്ട: ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നോ ഏതാനും ചില ആരോപണങ്ങളെക്കുറിച്ചു മാത്രം അന്വേഷിച്ചാൽ മതിയെന്നോ അല്ല ഞങ്ങറം ആവശ്യപ്പെട്ടത്. ഞങ്ങളുടെ നിവേദനത്തിൽ ചൂണ്ടിക്കാണിച്ച ആരോപണങ്ങളിൽ ചിലത് ഗവൺമെൻറു തന്നെ പ്രഥമദൃഷ്ട്യാ തള്ളിക്കളഞ്ഞ് ശേഷിക്കുന്നവ മാത്രം അന്വേഷണത്തിന് വിടുന്നത് അർഥശൂന്യമായ നടപടിയാണ്. ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന ഞങ്ങളുടെ ആവശ്യം അംഗീകരിക്കാൻ വൈമുഖ്യം കാണിക്കുന്നതിൻെറ കാരണവും വ്യക്തമല്ല.

ഈ സാഹചര്യത്തിൽ, ബഹുജനങ്ങറംക്കു ബോധ്യമാകുന്ന തരത്തിൽ താഴെപ്പറയുന്നവിധം ഒരന്വേഷണം ഏർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറാകണമെന്ന് ഞങ്ങറം വീണ്ടും ആവശ്യപ്പെടുന്നു.

1. മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ളയുടെ പേരിലുള്ള അഴിമതിയാരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണം ഹൈക്കോടതിയിലെ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ടു തന്നെയായിരിക്കണം.

2. 1952-ലെ കമ്മിഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരം അന്വേഷണം നടത്തണം.

3. കമ്മിഷൻെറ ടേംസ് ഓഫ് റഫറൻസ് നിശ്ചയിക്കുമ്പോറം പ്രതിപക്ഷ നേതാക്കളുമായി ആലോചിക്കണം.

4. ഞങ്ങളുടെ നിവേദനത്തിൽ ചൂണ്ടിക്കാണിച്ചതിൽ അതിപ്രധാനമായ, ഇലക്ട്രിസിററി ബോർഡിൻെറ ദൈനംദിന പ്രവർത്തനത്തിൽ മന്ത്രി ഇടപെടുന്നുവെന്നും ഇലക്ട്രിസിററി സപ്ലൈ നിയമത്തിലെ വ്യവസ്ഥകളെ നഗ്നമായി ലംഘിക്കുന്നുവെന്നും ഉള്ള ആരോപണമുറംപ്പടെയുള്ള എല്ലാ ആരോപണങ്ങളും അന്വേഷണ പരിധിയിൽ പെടുത്തണം.

5. അഴിമതിയാരോപണങ്ങറംക്ക് ആധാരമായ കാര്യ

ങ്ങൾ വിദ്യുച്ഛക്തി ബോർഡിനോട് ബന്ധപ്പെട്ടു നട ത്തിയവയായതുകൊണ്ട് ബോർഡ് ഉദ്യോഗസ്ഥൻമാർക്ക് ഇക്കാര്യങ്ങളിലുള്ള പങ്കിനെക്കുറിച്ചും അന്വേഷിക്കണം.

6. അന്വേഷണം അർഥപൂർണവും സഫലവുമാക്കാൻ ശ്രീ. ബാലകൃഷ്ണപിള്ളയെ വിദ്യുച്ഛക്തി വകുപ്പി ന്റെ ചുമതലയിൽ നിന്ന് അന്വേഷണം തീരുന്നതുവരെ ഒഴിച്ചുനിറുത്തണം.

7. അന്വേഷണം പൂർണവും വിശദവുമായിരിക്കണം.

അന്വേഷണം ഒരു പ്രഹസനമാകാതിരിക്കാൻ ഗവൺ മെന്റ് മേൽപറഞ്ഞവ അംഗീകരിക്കുകയും ഇപ്പോൾ സ്വീ കരിച്ചിരിക്കുന്ന തീരുമാനം പുനഃപരിശോധിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

## 12-8-83 ൽ മുഖ്യമന്ത്രി പ്രതിപക്ഷ നേതാവിനയച്ച കത്ത്

വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ പേരിൽ അ ന്വേഷണം നടത്തുന്നതിനെപ്പററി താങ്കൾ 10-8-1983-ൽ അ യച്ച കത്തുകിട്ടി. അതോടൊപ്പം അയച്ച പ്രസ്താവന, പത്രങ്ങളിൽനിന്നും യഥാസമയംതന്നെ വായിച്ചു. പ്ര സ്താവനയുടെ ഒരു കോപ്പി എനിക്കും അയച്ചുതന്നതിന് നന്ദി പറയുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ പേരിലുള്ള ആരോപണങ്ങൾ അന്വേഷിക്കാൻ ഗവൺമെന്റ് ഇതിനകം തന്നെ ഉത്തരവായ വിവരം താങ്കൾ അറിഞ്ഞുകാണുമല്ലോ.

*ഇടതുപക്ഷ ജനാധിപത്യമുന്നണി സംസ്ഥാന കമ്മിററി കൺവീനർ സ: പി വി കുഞ്ഞിക്കണ്ണൻെറ 17-8-83 ലെ പ്രസ്താവന*

## അന്വേഷണം പരിഹാസ്യമാക്കുന്നു

വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളക്കെതിരായി പ്രതിപക്ഷ കക്ഷികളിൽപ്പെട്ട നിയമസഭാംഗങ്ങൾ നിയമസഭയിൽ അഴിമതിയാരോപണങ്ങൾ ഉന്നയിച്ചതിനെത്തുടർന്ന്, പ്രസ്തുത ആരോപണങ്ങളെക്കുറിച്ച് ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ നേതാക്കൾ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയും അതേത്തുടർന്ന് മുഖ്യമന്ത്രി അന്വേഷണം നടത്താമെന്ന് നിയമസഭയിൽ ഉറപ്പു നൽകുകയുമുണ്ടായി. കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയധികം നിയമസഭാംഗങ്ങൾ എഴുതിക്കൊടുത്ത് ഒരു മന്ത്രിക്കെതിരെ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുന്നത്. ഈ അഴിമതിയാരോപണങ്ങൾ വിദ്യുച്ഛക്തി വകുപ്പുമന്ത്രി അഴിമതി നടത്തിയെന്ന കാര്യത്തിനു തെളിവുണ്ടെന്ന് സംശയാതീതമായ നിഗമനത്തിലെത്തിക്കുന്നവയാണ്. നിയമസഭയിൽ ഉന്നയിക്കപ്പെട്ട അഴിമതിയാരോപണങ്ങൾ യഥാവസരത്തിൽ തെളിയിക്കാൻ തയ്യാറാണെന്ന് അവ ഉത്തരവാദിത്വത്തോടുകൂടി ഉന്നയിച്ച അംഗങ്ങൾ തന്നെ പറഞ്ഞിരുന്നു. എന്നാൽ ഈ അന്വേഷണം തികച്ചും പ്രഹസനമാക്കിത്തീർക്കുന്നതിനുവേണ്ടിയാണ് ഗവൺമെൻറ് ശ്രമിക്കുന്നതെന്ന് പിന്നീടുള്ള ഗവൺമെൻറിൻെറ നീക്കങ്ങളിൽനിന്ന് വ്യക്തമാകുന്നു. ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അഴിമതിയാരോപണങ്ങൾ അന്വേഷിപ്പിക്കുന്നതിന് പകരം റിട്ട: ജഡ്ജിയായ ശ്രീമതി. ജാനകിഅമ്മയെയാണ് ഇതിൻെറ ചുമതല ഏൽപിച്ചിരിക്കുന്നത്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻെറ ഉപദേശകസമിതിയിലേക്ക് രാഷ്ട്രീയസ്വാധീ

നത്തിനു വിധേയമായി കേന്ദ്രഗവൺമെൻറിൻെറ നോമിനേററുചെയ്ത ഒരംഗം എന്ന നിലയിൽ സർക്കാരിൻെറ രാഷ്ട്രീയ താൽപര്യത്തിന് അനുകൂലമായി പ്രവർത്തിക്കാൻ ബാധ്യസ്ഥയാണ് അവർ. ഈ നിലയിൽ അന്വേഷണം നിഷ്പക്ഷമായിരിക്കാൻ ഇടയില്ല. റിട്ട: ജഡ്ജിമാരെ കമ്മീഷനായി നിശ്ചയിക്കുന്നത് അഭിലഷണീയമല്ലെന്ന് ഉന്നത നീതിന്യായപീഠത്തിൽനിന്ന് അഭിപ്രായപ്പെടുകയും സിററിംഗ് ജഡ്ജിയെ അന്വേഷണത്തിന് ലഭ്യമാണെന്ന പരിതഃസ്ഥിതി നിലനിൽക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഇത്രയും പ്രധാനപ്പെട്ട ഒരന്വേഷണത്തിന് ഒരു റിട്ട: ജഡ്ജിയെ നിയമിക്കുന്നതിൻെറ ഔചിത്യം മനസ്സിലാക്കാൻ വിഷമമുണ്ട്. മാത്രവുമല്ല, കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട്പ്രകാരം അന്വേഷണക്കമ്മീഷനെ നിയമിച്ച് ആരോപണം ഉന്നയിച്ചവർക്ക് അത് തെളിയിക്കാനുള്ള അവസരം നൽകുന്നതിനുപകരം പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്ന് പരിശോധിക്കാനും അതുവഴി അന്വേഷണം പ്രഹസനമാക്കാനും, അഴിമതിക്കാരനായ മന്ത്രിയെ സംരക്ഷിക്കാനും വേണ്ടിയാണ് ഗവൺമെൻറ് ശ്രമിക്കുന്നത്.

കക്കി വനം കുംഭകോണവുമായി ബന്ധപ്പെട്ട ആരോപണം നിയമസഭയിൽ ഉന്നയിക്കപ്പെട്ടപ്പോൾ ഒരു റിട്ട: ജഡ്ജിയെ നിയമിച്ചാണെങ്കിൽപോലും കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടനുസരിച്ച് തെളിവെടുപ്പു നടത്താൻ സന്നദ്ധമായി. അത്തരം ഒരു സമീപനംപോലും ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാര്യത്തിൽ മുഖ്യമന്ത്രി കാണിക്കാത്തത് ദുരൂഹമായിരിക്കുന്നു. നീതിപൂർവവും നിഷ്പക്ഷവുമായ ഒരന്വേഷണം ഉറപ്പുവരുത്തുകയും അതുവഴി കുററവാളിയുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനുപകരം അഴിമതിക്കാരനായ മന്ത്രിയെ രക്ഷിക്കാൻ മുഖ്യമന്ത്രി കൂട്ടുനിൽക്കുന്ന ലജ്ജാകരമായ കാഴ്ചയാണ് ഈ അന്വേഷണ പ്രഹസനംവഴി കാണാൻ കഴിയുന്നത്. ഗവൺമെൻറിൻെറ ഈ നിലപാടിൽ കമ്മിററി

ശക്തിയായി അപലപിക്കുകയും ഉത്തരവാദിത്വത്തോടു കൂടി പ്രതിപക്ഷ നേതാക്കൾ നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ ഒരു സിററിംഗ് ജഡ്ജിയെ ഏർപ്പാടു ചെയ്യണമെന്നും ഗവൺമെൻറിൻെറ തീരുമാനം പുനഃപരിശോധിക്കണമെന്നും കമ്മിററി സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

നിയമസഭയിലെ 10 ശതമാനം നിയമസഭാംഗങ്ങൾ എഴുതിക്കൊടുത്ത് ആരോപണം ഉന്നയിച്ചാൽ അന്വേഷണം നടത്താൻ നിയമം കൊണ്ടുവന്ന ഗവൺമെൻറ് 63 എം എൽ എ മാർ എഴുതിക്കൊടുത്ത ആരോപണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനുപകരം പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്ന് അന്വേഷിക്കാൻ നടത്തുന്ന ശ്രമം പരിഹാസ്യമാണ്.

## 29-8-83 ൽ പ്രതിപക്ഷനേതാവ് ഇ കെ നായനാർ മുഖ്യമന്ത്രിക്ക് അയച്ച കത്ത്

ആഗസ്ത് 12—ന് താങ്കൾ അയച്ച കത്തുകിട്ടി.

വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ പേരിലുള്ള ആരോപണങ്ങൾ അന്വേഷിക്കാൻ ജാനകിയമ്മ കമ്മിഷനെ നിയമിച്ചതായി പത്രങ്ങളിലൂടെ അറിഞ്ഞു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻെറ ഉപദേശകസമിതിയിലേക്ക് രാഷ്ട്രീയ സ്വാധീനത്തിന് വിധേയമായി കേന്ദ്രഗവൺമെൻറ് നോമിനേററുചെയ്ത അംഗമാണ് റിട്ട: ജഡ്ജി ശ്രീമതി. ജാനകിയമ്മ എന്ന വിവരം താങ്കൾക്കും അറിയാമല്ലൊ. അതുമാത്രമല്ല കേരള സ്റേററ് ഇലക്ട്രിസിററി ബോർഡിൻെറ ആർബിട്രേററും കൂടിയാണല്ലോ ശ്രീമതി. ജാനകിയമ്മ.

ആ നിലയ്ക്ക് ഗവൺമെൻറിൻെറ പ്രതിഫലം സ്വീകരിക്കുന്ന ശ്രീമതി. ജാനകിയമ്മ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തുന്നത് ശരിയാണെന്ന് താങ്കൾക്ക് അഭിപ്രായമുണ്ടോ എന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

## 30-8-83 ൽ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിക്ക് അയച്ച കത്ത്

വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളക്കെതിരായി ഗുരുതരങ്ങളായ അഴിമതിയാരോപണങ്ങൾ പ്രതിപക്ഷം നിയമസഭയിൽ ഉന്നയിക്കുകയും ജൂഡീഷ്യൽ അന്വേഷണം ആവശ്യപ്പെടുകയും ചെയ്തിരുന്നുവല്ലോ. അതിനെത്തുടർന്ന് പ്രസ്തുത ആരോപണങ്ങളെ സംബന്ധിച്ച വസ്തുതകളും അതിലേക്ക് നയിച്ച സാഹചര്യങ്ങളും വ്യക്തമാക്കിക്കൊണ്ട് ഹൈക്കോടതിയിലെ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അവയെക്കുറിച്ച് അന്വേഷണം നടത്തേണ്ടതാണെന്ന് പ്രതിപക്ഷനേതാക്കൾ മുഖ്യമന്ത്രിക്ക് ആഗസ്ത് 3-ാം തിയതി നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. ഗവൺമെൻറ് ഒരന്വേഷണം ഏർപ്പെടുത്താൻ നിശ്ചയിച്ചിട്ടുണ്ടെന്ന് താങ്കൾ 4-ാംതിയതി നിയമസഭയിൽ പ്രസ്താവിച്ചു.

അടുത്തദിവസം ഗവൺമെൻറ് പ്രഖ്യാപിച്ചത് 1969 ലെ എക്സിക്യൂട്ടിവ് ഓർഡർ അനുസരിച്ച് പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്ന് അന്വേഷണം നടത്തുമെന്നും പ്രസ്തുത ഓർഡറിലെ രണ്ടു വ്യവസ്ഥകൾ—ഔപചാരികമായ ഒരു ഹരജി വേണമെന്നും 500 രൂപ കെട്ടിവയ്ക്കണമെന്നും ഉള്ളവ—ഒഴിവാക്കുമെന്നും ആയിരുന്നു. അന്വേഷണമേ ആവശ്യമില്ലെന്നതാണ് അത്തരമൊരു പ്രഖ്യാപനത്തിൻെറ അർഥമെന്ന് സ്പഷ്ടമാണ്.

ആഗസ്ത് 19-ന് ആഭ്യന്തരകാര്യങ്ങൾക്കായുള്ള നിയമസഭയുടെ സബ്ജക്ററ്കമ്മിററി കൂടിയപ്പോൾ പ്രതിപക്ഷനേതാവ് ഇ കെ നായനാരും പ്രതിപക്ഷത്തെ മററു പ്രതിനിധികളും പ്രശ്നം കമ്മിററിയിലുന്നയിച്ചു. പ്രതിപക്ഷം ഗവൺമെൻറിന് എഴുതണമെന്നും എല്ലാ വശങ്ങളും വീണ്ടും പരിഗണിച്ച് നിശ്ചയമായും ഗവൺമെൻറ് തീരുമാനം പുനഃപരിശോധിക്കുമെന്നും തദവസരത്തിൽ കമ്മററി ചെയർമാനും ആഭ്യന്തര മന്ത്രിയുമായ ശ്രീ. വയലാർ

രവി കമ്മിററിക്ക് ഉറപ്പുനൽകി. ആഭ്യന്തരമന്ത്രി അങ്ങനെ അഭിപ്രായപ്പെട്ടതനുസരിച്ചാണ് ഞാൻ ഈ കത്തയയ്ക്കുന്നത്.

നിയമസഭാതലത്തിൽ ആവശ്യപ്പെട്ടതും പ്രതിപക്ഷ നേതാക്കരം 3-8-83-ലെ നിവേദനത്തിൽ ആവശ്യപ്പെട്ടതും വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്കെതിരായ അഴിമതിയാരോപണങ്ങളെക്കുറിച്ച് ഹൈക്കോടതിയിലെ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് സുവിശദമായ ഒരു അന്വേഷണം നടത്തണമെന്നായിരുന്നു. പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നറിയാൻ ഒരു പ്രാഥമികാന്വേഷണം, മാത്രമാണ് ഇപ്പോരം ഉത്തരവായിരിക്കുന്നത്. അത്തരമൊരന്വേഷണം, അന്വേഷണത്തിൻെറ ഉദ്ദേശ്യത്തെത്തന്നെ പരാജയപ്പെടുത്തുന്നു. വിശദമായ ഒരന്വേഷണത്തിൽ വെളിവാകുന്നതോ ലഭ്യമാകുന്നതോ ആയ തെളിവുകരം ഒരു പ്രാഥമികാന്വേഷണത്തിൽ ഉണ്ടാവില്ലെന്ന കാര്യം എടുത്തുപറയേണ്ടതില്ല. പ്രതിപക്ഷത്തിൻെറ നിവേദനത്തിന് മറുപടിയായി മുഖ്യമന്ത്രിതന്നെ 4-8-83-ൽ പറഞ്ഞിരുന്നു അന്വേഷണം ഏർപ്പെടുത്തുമെന്ന്. പിന്നീട് കൈക്കൊണ്ട തീരുമാനം മുഖ്യമന്ത്രി തന്നെ സ്വീകരിച്ചിരുന്ന ആ നിലപാടിന് വിരുദ്ധമാണ്.

സംസ്ഥാന ഹൈക്കോടതിയിലെ ഒരു റിട്ട: ജഡ്ജിയുടെ അന്വേഷണം സ്വതന്ത്രമോ ഫലപ്രദമോ ആവില്ല. സുപ്രീം കോടതിയിലെയോ കേരള ഹൈക്കോടതിയിലെയോ മറേറതെങ്കിലും സംസ്ഥാനത്തെ ഹൈക്കോടതിയിലെയോ ഒരു സിററിംഗ് ജഡ്ജിയെ അന്വേഷണകമ്മിഷനായി നിയമിക്കേണ്ടതാണ്.

ഇപ്പോരം അന്വേഷണകമ്മിഷണറായി നിയമിതയായിരിക്കുന്ന ശ്രീമതി. ജാനകിയമ്മ കുക്കിംഗ് ഗ്യാസ് വിതരണം സംബന്ധിച്ച കേന്ദ്രഗവൺമെൻറിൻെറ ഒരു ഉന്നതതല കമ്മിററിയിലെ അംഗമാണ്. ആ നിലക്ക് ഈ റിട്ട: ജഡ്ജി കേന്ദ്രഗവൺമെൻറിൻെറ ശമ്പളം പററുന്ന ആളാണ്. അതുകൊണ്ട് അവരുടെ ഇപ്പോഴുള്ള പദവി ശരിക്കു പറഞ്ഞാൽ ഒരു റിട്ട: ജഡ്ജിയുടേതല്ല, മിക്കവാറും ഒരു കേന്ദ്രഗവൺ

മെൻറ് ജീവനക്കാരിയുടേതിന് തുല്യമാണ്. അക്കാരണ ത്താൽക്കൂടി ഈ നിയമനം പുനഃപരിശോധിക്കേണ്ടിയിരി ക്കുന്നു.

ഗുരുതരങ്ങളല്ലാത്ത അഴിമതിയാരോപണങ്ങരം എന്ന് ഗവൺമെൻറ് കരുതുന്നവയെ അന്വേഷണപരിധിയിൽനി ന്ന് ഒഴിവാക്കിയിരിക്കയാണ്. ഗുരുതരങ്ങളെന്ന് ഗവൺ മെൻറ് കരുതുന്ന ആരോപണങ്ങളെപ്പോലും പ്രഥമദൃ ഷ്ട്യാ കേസുണ്ടോ എന്ന അന്വേഷണത്തിനു മാത്രമാണ് വിധേയമാക്കിയിരിക്കുന്നത്. ഉന്നയിക്കപ്പെട്ട ആരോപണ ങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ അഴിമതിയാരോപണ ങ്ങളും സ്വതന്ത്രമായ അന്വേഷണത്തിന് വിധേയമാക്കണം.

അന്വേഷണം എൻക്വയറി കമ്മിഷൻ ആക്ററുപ്രകാര മായിരിക്കണം. എങ്കിൽ മാത്രമെ കമ്മീഷന് തെളിവ് ശേഖ രിക്കാൻ സാധ്യമാകൂ.

അതുകൊണ്ട്, ആഭ്യന്തരമന്ത്രി സബ്ജക്ററ് കമ്മിററി ക്ക് നൽകിയ ഉറപ്പിൻെറ അടിസ്ഥാനത്തിൽ താങ്കരം കൈ ക്കൊണ്ട തീരുമാനം പുനഃപരിശോധിക്കണമെന്നും നിയമ സഭാതലത്തിൽ ഉന്നയിക്കപ്പെട്ട എല്ലാ അഴിമതിയാരോപണ ങ്ങളെക്കുറിച്ചും ഹൈക്കോടതിയിലെയോ സുപ്രീംകോട തിയിലെയോ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് എൻക്വ യറി കമ്മിഷൻ ആക്ററുപ്രകാരം പരിപൂർണവും വിശദ വുമായ ഒരന്വേഷണം നടത്തണമെന്നും ഞാൻ അഭ്യർഥി ക്കുന്നു.

## റിട്ട: ജഡ്ജി ശ്രീമതി. ജാനകിയമ്മ 1-9-1983ൽ പ്രതിപക്ഷ നേതാക്കൾക്ക് അയച്ച കത്ത്.

വിഷയം:- വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരായ ചില ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണം-

സൂചന:- 1) 20-12-1969-ലെ ജി ഒ (എം എസ്) നമ്പർ: 386.

2) 12-8-1983-ലെ ജി ഒ (എം എസ്) 9/83/വിജിലൻസ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളയുടെ നടപടിദൂഷ്യം സംബന്ധിച്ച ചില ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കാൻ മുകളിൽ രണ്ടാമത് സൂചിപ്പിച്ചിട്ടുള്ള കേരള ഗവൺമെൻറിൻെറ ഉത്തരവുപ്രകാരം കമ്മിഷണറായി എന്നെ നിയമിച്ചിരിക്കുന്ന വിവരം താങ്കൾ അറിഞ്ഞിരിക്കുമല്ലൊ. ആരോപണങ്ങളുടെ ഒരു പട്ടിക ഇതോടൊപ്പമുണ്ട്. ഈ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടവരിൽ ഒരാൾ താങ്കളാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ആരോപണങ്ങൾ തെളിയിക്കുന്നതിന് ആവശ്യമായ രേഖകളുടെയും വിസ്തരിക്കാനുദ്ദേശിക്കുന്ന സാക്ഷികളുടെയും വിവരങ്ങളടങ്ങിയ ഒരു പത്രിക താങ്കൾ സ്വയം എനിക്ക് തരണമെന്ന് അഭ്യർത്ഥിക്കുന്നു. ആയത് 1983 സപ്തംബർ 20—ന് മുൻപ് കൊച്ചിയിൽ ഗവൺമെൻറ് ഗസ്ററ് ഹൗസിലെ അന്വേഷണക്കമ്മീഷണറുടെ ആപ്പീസിൽ ഫയൽ ചെയ്യാവുന്നതാണ്. എറണാകുളത്ത് ബോട്ട്ജട്ടിയിൽ മുൻ ചീഫ് ജസ്ററിസിൻെറ വസതിയാണ് അന്വേഷണം നടത്താനുള്ള സ്ഥലമായി തൽക്കാലം നിശ്ചയിച്ചിരിക്കുന്നത്. അവിടെവെച്ച് 1983 സപ്തംബർ 30—ാം തിയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രാഥമിക വിചാരണ നടക്കും. താങ്കൾ നേരിട്ടോ വക്കീൽ മുഖേനയോ ഹാജരായി എന്നെ ഏൽപിച്ചി

ട്ടുള്ള ജോലി നിർവഹിക്കാൻ എല്ലാ സഹായവും ചെയ്യണ മെന്ന് അഭ്യർഥിക്കുന്നു.

(കത്തിനോടൊപ്പം 4, 14 ഒഴിച്ചുള്ള 12 ആരോപണങ്ങ ളുടെ ലിസ്റ്റ്)

*ശ്രീമതി. ജാനകിയമ്മക്ക് 19-9-1983 ൽ പ്രതിപക്ഷ നേതാക്കൾ H E 1 to 10 വെവ്വേറെ അയച്ച മറുപടി.*

1-9-1983ൽ താങ്കൾ അയച്ച കത്തിലേക്ക് ദയാപൂർവക മായ ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ.

നിയമസഭയുടെ ഇക്കഴിഞ്ഞ മൂന്നാം സമ്മേളനത്തിൽ നിരവധി അംഗങ്ങൾ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ ബാലകൃഷ്ണപിള്ളക്കെതിരായി ഗുരുതരങ്ങളായ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുകയും ഒരു ജുഡീ ഷ്യൽ അന്വേഷണം ആവശ്യപ്പെടുകയും ചെയ്തിരുന്നു. അതിനെത്തുടർന്ന്, പ്രസ്തുത ആരോപണങ്ങളെ സംബ ന്ധിച്ച വസ്തുതകളും അതിലേക്ക് നയിച്ച സാഹചര്യ ങ്ങളും വ്യക്തമാക്കിക്കൊണ്ട് ഹൈക്കോടതിയിലെ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അവയെക്കുറിച്ച് അന്വേ ഷണം നടത്തേണ്ടതാണെന്ന് പ്രതിപക്ഷ നേതാക്കൾ മുഖ്യ മന്ത്രിക്ക് ആഗസ്ത് 3-ാം തിയതി നൽകിയ നിവേദന ത്തിൽ ആവശ്യപ്പെട്ടു. ഗവൺമെൻറ് ഒരന്വേഷണം ഏർ പ്പെടുത്താൻ നിശ്ചയിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി 4—ാം തീ യതി നിയമസഭയിൽ പ്രസ്താവിച്ചു. അടുത്ത ദിവസം ഗവൺമെൻറ് പ്രഖ്യാപിച്ചത് പ്രഥമദൃഷ്ട്യാ കേസു ണ്ടോ എന്ന് ഒരു റിട്ട: ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പി ക്കുമെന്നും എല്ലാ ആരോപണങ്ങളും അന്വേഷണകമ്മീഷ ൻെറ പരിധിയിൽപ്പെടുത്തുകയില്ലെന്നുമായിരുന്നു.

അത്തരം ഒരന്വേഷണം അപര്യാപ്തമാണെന്നും പ്ര തിപക്ഷ നേതാക്കൾക്ക് അതിനോട് യോജിക്കാനാവില്ലെ ന്നും ആഗസ്ത് 6—ാം തിയതി പ്രതിപക്ഷനേതാവ് ഇ കെ നായനാർ പ്രസ്താവിച്ചു. തുടർന്ന് ആഗസ്ത് 10-ാം

തിയതി പ്രതിപക്ഷനേതാക്കഠം പുറപ്പെടുവിച്ച പ്രസ്താവനയിൽ ഇങ്ങനെ ആവശ്യപ്പെടുകയുണ്ടായി: (1) അന്വേഷണം ഹൈക്കോടതിയിലെ ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് തന്നെയായിരിക്കണം. (2) അത് 1952—ലെ എൻകചയറി കമ്മിഷൻ ആക്ററുപ്രകാരമായിരിക്കണം. (3) കമ്മിഷൻെറ ടേംസ് ഓഫ് റഫറൻസ് പ്രതിപക്ഷനേതാക്കളുമായി ആലോചിച്ച് നിശ്ചയിക്കണം. (4) ഇലക്ട്രിസിററി സപ്ലൈ നിയമത്തിലെ വ്യവസ്ഥകളെ ഉല്ലംഘിച്ചുകൊണ്ട് വിദ്യുച്ഛക്തി ബോർഡിൻെറ ദൈനംദിന ഭരണകാര്യങ്ങളിൽ മന്ത്രി ഇടപെടുന്നുവെന്നതുഠംപ്പെടെ എല്ലാ ആരോപണങ്ങളെക്കുറിച്ചും അന്വേഷിക്കണം. (5) ആരോപണഠംക്കാധാരമായ കാര്യങ്ങഠം ബോർഡുമായി ബന്ധപ്പെട്ടതായതുകൊണ്ട് ബോർഡിലെ ഉദ്യോഗസ്ഥൻമാർക്കുള്ള പങ്കിനെക്കുറിച്ചും അന്വേഷിക്കണം. (6) അന്വേഷണം തീരുന്നതുവരെ (വിദ്യുച്ഛക്തി വകുപ്പിൻെറ ചുമതലയിൽനിന്ന്) ബാലകൃഷ്ണപിള്ളയെ മാററിനിറുത്തണം. (7) അന്വേഷണം വിശദവും പൂർണവുമായിരിക്കണം. പ്രസ്താവനയുടെ ഒരുപകർപ്പ് അന്നുതന്നെ പ്രതിപക്ഷനേതാവ് ഇ കെ നായനാർ മുഖ്യമന്ത്രിക്ക് അയച്ചുകൊടുക്കുകയുമുണ്ടായി.

എന്നാൽ ആഗസ്ത് 12—ാം തിയതി ഗവൺമെൻറ് താങ്കളെ അന്വേഷണക്കമ്മീഷണറായി നിയമിച്ച് ഉത്തരവു പുറപ്പെടുവിക്കുകയാണുണ്ടായത്.

ആഗസ്ത് 19ന് ആഭ്യന്തരകാര്യങ്ങഠംക്കായുള്ള നിയമസഭയുടെ സബ്ജക്ററ് കമ്മിററി കൂടിയപ്പോഠം പ്രതിപക്ഷ നേതാവ് ഇ കെ നായനാരും പ്രതിപക്ഷത്തെ മററു പ്രതിനിധികളും പ്രശ്നം കമ്മിററിയിലുന്നയിച്ചു. പ്രതിപക്ഷം ഗവൺമെൻറിന് എഴുതണമെന്നും എല്ലാ വശങ്ങളും വീണ്ടും പരിഗണിച്ച് നിശ്ചയമായും ഗവൺമെൻറ് തീരുമാനം പുനഃപരിശോധിക്കുമെന്നും തദവസരത്തിൽ കമ്മിററി ചെയർമാനും ആഭ്യന്തരമന്ത്രിയുമായ ശ്രീ. വയലാർ രവി കമ്മിററിക്ക് ഉറപ്പുനൽകി. അതനുസരിച്ച് പ്രതി

പക്ഷനേതാവ് ആഗസ്ത് 30ന് മുഖ്യമന്ത്രിക്ക് എഴുതുകയുമുണ്ടായി. ഹൈക്കോടതിയിലെ സിററിംഗ് ജഡ്ജിയെക്കൊണ്ട് എൻകയറി കമ്മിഷൻ ആക്ടുപ്രകാരം നിയമസഭയിൽ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തണമെന്നും പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടിരുന്നു.

പ്രതിപക്ഷനേതാക്കരം ഗവൺമെൻറിൻെറ മുൻപിൽ ഉന്നയിച്ച ആവശ്യങ്ങളോട് യാതൊരു തരത്തിലും പൊരുത്തപ്പെടാത്ത വിധത്തിലാണ് ഈ കമ്മിഷൻെറ നിയമനം. മാത്രമല്ല നിവേദനത്തിൽ പറഞ്ഞിരുന്ന 14 ആരോപണങ്ങളിൽ അത്യന്തം ഗുരുതരങ്ങളായ രണ്ട് ആരോപണങ്ങരം അന്വേഷണപരിധിയിൽ പെടുത്തിയിട്ടുമില്ല. കക്കാട് പ്രോജക്ടിലെ ചില ജോലികരം കോട്ടയത്തെ സി എസ് കമ്പനിക്ക് നൽകുകയും ചട്ടങ്ങളെ മറികടന്ന് 19 ലക്ഷം രൂപ പ്രസ്തുത കമ്പനിക്ക് അഡ്വാൻസ് നൽകുകയും ചെയ്തതിൽ മന്ത്രി കൈക്കൂലി വാങ്ങിച്ചുവെന്ന നിവേദനത്തിലെ മൂന്നാമത്തെ ആരോപണത്തെക്കുറിച്ച്, അക്കൗണ്ടൻറ് ജനറൽ ഇപ്പോരം ഉന്നയിച്ചിട്ടുള്ള ഗുരുതരമായ പ്രശ്നങ്ങരം തന്നെ നിവേദനത്തിൽ പറഞ്ഞിരുന്ന ആരോപണങ്ങളുടെ ഗൗരവത്തിലേക്ക് വിരൽ ചൂണ്ടുന്നു. അതുസംബന്ധിച്ച് സപ്തംബർ 17–ാം തിയതിയിലെ ഇന്ത്യൻ എക്സ്പ്രസിൽ വന്ന റിപ്പോർട്ട് (പേജ്-3 കോളം 1-3) താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലൊ.

20–12–69–ലെ ഒരു എക്സിക്യൂട്ടീവ് ഓർഡർ പ്രകാരം അന്വേഷണം നടത്താനാണ് ഗവൺമെൻറ് താങ്കളോട് ആവശ്യപ്പെട്ടിരിക്കുന്നത്. നിയമസഭയിൽ അവതരിപ്പിച്ചിരുന്ന കേരളാ പബ്ലിക്മെൻ എൻകയറി ബിൽ നിയമമാകുന്നതുവരെയുള്ള കാലയളവിലെ അന്വേഷണങ്ങരംക്കുവേണ്ടിയാണ് അന്ന് അങ്ങനെ ഒരു എക്സിക്യൂട്ടിവ് ഓർഡർ പുറപ്പെടുവിച്ചത്. ആ ബിൽ ഇന്ന് നിലവിലില്ല. അതുകൊണ്ടുതന്നെ 20–12–69 ലെ ഓർഡറും ഇന്ന് നിയമദൃഷ്ട്യാ നിലവിലില്ല; അത് കാലഹരണപ്പെട്ടിരിക്കുക

യാണ്. അക്കാരണത്താൽ ആ ഓർഡറിന്റെ അടിസ്ഥാനത്തിൽ ഈ കമ്മിഷനെ നിയമിച്ചുകൊണ്ട് ആഗസ്റ്റ് 12ന് പുറപ്പെടുവിച്ചിരിക്കുന്ന ഗവൺമെന്റ് ഉത്തരവ് അസാധുവാണ്; ഗവൺമെന്റിന്റെ അധികാരപരിധിക്ക് പുറത്താണ്.

ഇനി അഥവാ, അങ്ങനെയൊരു ബിൽ നിലവിലുണ്ടെന്ന് കരുതിയാൽപ്പോലും കമ്മിഷണറുടെ നിയമനം സ്റ്റാറ്റ്യൂട്ടറിയല്ല. രേഖകൾ ഹാജരാക്കാനോ സാക്ഷികളെ വിസ്തരിക്കാനോ ആരെയും നിർബന്ധിക്കാൻ കമ്മിഷണർക്ക് അധികാരം ലഭിച്ചിട്ടില്ല. ഗവൺമെന്റ് ഉത്തരവായ ഈ അന്വേഷണം ഒരു തട്ടിപ്പുമാത്രമാണ്. കമ്മിഷണർ ഹൈക്കോടതിയിലെ ഒരു റിട്ട: ജഡ്ജിയാകയാൽ നിയമപരമായ നിലപാട് താങ്കൾക്കുതന്നെ അറിയുമല്ലൊ. ഈ സാഹചര്യത്തിൽ അന്വേഷണം നടത്തുകയാണെങ്കിൽ തന്നെ അത് നിഷ്പക്ഷവും നീതിപൂർവകവും ആയിരിക്കുമെന്ന് ഞാൻ കരുതുന്നില്ല. ആയതിനാൽ, ഇക്കാര്യത്തിൽ എനിക്ക് താങ്കളോടു സഹകരിക്കാനാവില്ലെന്ന വിവരം അറിയിച്ചുകൊള്ളട്ടെ.

(1) ഇ കെ നായനാർ (2) കെ വി സുരേന്ദ്രനാഥ് (3) ബേബിജോൺ (4) എ സി ഷൺമുഖദാസ് (5) എം വി രാഘവൻ (6) എൻ എ മമ്മുഹാജി (7) എ കെ ശശീന്ദ്രൻ (8) എ വി താമരാക്ഷൻ (9) ജിനദേവൻ (10) ലോനപ്പൻ നമ്പാടൻ തുടങ്ങിയവർ പ്രത്യേകം പ്രത്യേകം അയച്ച കത്തുകളുടെ സാരം.

# അനുബന്ധം

14 അഴിമതിയാരോപണങ്ങളാണ് ആർ ബാലകൃഷ്ണപിളളക്കെതിരായി ഉന്നയിക്കപ്പെട്ടത്. ഓരോന്നിനെക്കുറിച്ചും പ്രബലവും വിപുലവുമായ തെളിവുകൾ ശേഖരിക്കപ്പെട്ടിട്ടുണ്ട്. എല്ലാം ഇപ്പോൾ ഇവിടെ ചേർക്കുന്നില്ല. അഞ്ച് ആരോപണങ്ങളെക്കുറിച്ചുളള തെളിവുകളിലേക്കു സൂചന നൽകുന്ന ചില രേഖകൾമാത്രം പ്രസിദ്ധംചെയ്യുന്നു; അഴിമതിയാരോപണങ്ങളുന്നയിച്ചു കൊണ്ടുളള നിയമസഭാംഗങ്ങളുടെ പ്രസംഗങ്ങളും.

*അനുബന്ധം–1*

## അന്വേഷണപരിധിയിൽനിന്ന് ഒഴിവാക്കിയ 4-ാമത്തെ അഴിമതിയാരോപണത്തെപ്പററി ചില വസ്തുതകൾ

***ഇടമലയാർ പദ്ധതിയുടെ കോൺട്രാക്ടർമാരായ എച്ച് സി സി ക്ക് കോമ്പൻസേഷൻ നൽകിയത്:***

1976 ഡിസംബറിലാണ് എച്ച് സി സി ക്ക് ഇടമലയാർ പദ്ധതിയുടെ കോൺട്രാക്ട് നൽകിയത്. ടെണ്ടർ വ്യവസ്ഥകളനുസരിച്ച് 1980 ഒക്ടോബറിൽ കമ്പനി ജോലികൾ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ തൊഴിൽകുഴപ്പങ്ങൾ, വൈദ്യുതി തകരാറ് തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് പണി നിർത്തിവെച്ചു. ഇതുമൂലം കമ്പനിക്ക് ഉണ്ടായ നഷ്ടം എന്ന് പേരിൽ എച്ച് സി സി, കെ എസ് ഇ ബോർഡിനോട് കോമ്പൻസേഷൻ ആവശ്യപ്പെട്ടു. ഏകദേശം 85 ലക്ഷം രൂപയായിരുന്നു അന്ന് ആവശ്യപ്പെട്ട നഷ്ടപരിഹാരം. എന്നാൽ ഈ തുകയിൽ തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരത്തുകയായ 45 ലക്ഷം നൽകാൻ മാത്രമാണ് അനൗപചാരിക ചർച്ചകളിൽ അന്നത്തെ വിദ്യുച്ഛക്തിമന്ത്രി ശ്രീ. കെ പി പ്രഭാകരൻ തയ്യാറായത്. ഇലക്ട്രിസിററി ബോർഡ് ആ നിലപാടാണ് അന്ന് സ്വീകരിച്ചത്. 1980-ൽ ശ്രീ. ആർ ബാലകൃഷ്ണപിള്ള വിദ്യുച്ഛക്തിമന്ത്രിയായി വന്നപ്പോൾ എച്ച് സി സി വീണ്ടും കോമ്പൻസേഷൻ ആവശ്യപ്പെട്ടു. ശ്രീ. ബാലകൃഷ്ണപിള്ള,. വിദ്യുച്ഛക്തിബോർഡിലെ ഫുൾടൈം മെമ്പർമാർ, എച്ച് സി സി യുടെ ഒരു പ്രതിനിധി എന്നിവരടങ്ങുന്ന ഒരു കമ്മിററി 171 ലക്ഷംരൂപ നഷ്ടപരിഹാരം നൽകാൻ തീരുമാനിക്കുകയും ആ തീരുമാനം ഗവൺമെൻറിലേക്ക് ശുപാർശ ചെയ്യുകയുംചെയ്തു. ചില വ്യവസ്ഥകൾക്ക് വിധേയമായി 145.38 ലക്ഷംരൂപ എച്ച് സി സി ക്ക് കോമ്പൻസേഷൻ നൽകാൻ ഗവൺമെൻറ് തീരുമാനിച്ചു. 31–12–83നകം കമ്പനിയെ ഏൽപിച്ച പദ്ധതിയുടെ മുഴുവൻ ജോലികളും പൂർത്തിയാക്കണം; അതിനുവേണ്ടി 1800 ഘനമീററർ കോൺക്രീററ് പ്രതിദിനം ഇടത്തക്കവിധം സംവിധാനങ്ങൾ കമ്പനിയുണ്ടാക്കണം എന്നിവയായിരുന്നു പ്രധാന വ്യവസ്ഥകൾ. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 100 ലക്ഷംരൂപ റൊക്കം നൽകാനും 31–12–83നുശേഷം 45.38 ലക്ഷംരൂപ കൊടുക്കാനുമായിരുന്നു ഗവൺമെൻറ് തീരുമാനം. എന്നാൽ ഈ

മന്ത്രിസഭാതീരുമാനത്തെ മറികടന്ന് വ്യവസ്ഥകരം എടുത്തുകളയാനും 145.38 ലക്ഷം രൂപ റൊക്കമായി കൊടുക്കാനും കെ എസ് ഇ ബോർഡിന് മന്ത്രി ആർ ബാലകൃഷ്ണപിള്ള രേഖാമൂലമായ നിർദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗം അംഗീകരിച്ച വ്യവസ്ഥകരം ലംഘിച്ച് വകുപ്പുമന്ത്രി എന്ന നിലയിൽ മന്ത്രി ആർ ബാലകൃഷ്ണപിള്ള നൽകിയ ഉത്തരവുകരം പ്രകാരം 145.38 ലക്ഷംരൂപ കെ എസ് ഇ ബോർഡ് എച്ച് സി സി ക്ക് നൽകി. ഈ വ്യവസ്ഥകരം പാലിക്കപ്പെട്ടിരുന്നുവെങ്കിൽ 1983 ഡിസംബർ 31നകം പദ്ധതിയുടെ പണി പൂർത്തിയാക്കാൻ കമ്പനി ബാധ്യസ്ഥമായേനേ.

*അനുബന്ധം–2*

**അന്വേഷണപരിധിയിൽനിന്ന് ഒഴിവാക്കിയ 14-ാമത്തെ അഴിമതിയാരോപണത്തിന്റെ തെളിവുകളടങ്ങിയ ഫോട്ടോസ്റ്റാറ്റുകളും രേഖകളും ധാരാളമുണ്ട്. അവയെല്ലാം ഇവിടെ കൊടുക്കുന്നില്ല. ഒന്നുരണ്ട് സാമ്പിൾ മാത്രം കാണുക.**

No. 1779/83/M/Ele.

C. Jayalekshmi Ammal
Junior Superintendent
Ele. Section, Edappally
Ernakulam Division

Ele. Section
Ayoor
(open place)
Quilon Circle

C. E.
Give orders today itself
as requested.

Sd/-
20–4–1983
R. Balakrishna Pillai
Minister for Electricity

Given on 26–4–1983

Minister's
Office Seal.

No. 2558/83/M/Ele.

| | |
|---|---|
| A. S. Madhavadas, S. G. O.<br>Ele. Section, Chelakkulam<br>Sub Division, Alleppey | Request to retain at<br>Champakulam |
| R. Gopalakrishnan Nair<br>S. G. O.<br>Ele. Division, Trivandrum | Request to retain at<br>Trivandrum |
| C. Gopalakrishna Kurup<br>F. G. O.<br>T. C. Sub Division<br>T. C. Division, Alleppey | (now in Hospital) |

All these transfers may be considered.

Sd/-
R. Balakrishna Pillai,
Minister for Electricity.

Minister's
Office seal.

2851/82/M/Ele

Minister's
Office seal

From

C. E. Kunju pillai
Junior Assistant
Electrical Division,
Pathanamthitta.

To

The Chief Engineer (Electricity-General),
Kerala State Electricity Board,
Trivandrum.

Sub:- Transfers and Postings of Junior Assistants.

Respected Sir,

I may bring the following few lines for your kind consideration and favourable early orders.

Dy. C. E.
Give him
Cashier post
some where near
Pathanamthitta.

Sd/-
5-11-1982
R. Balakrishna Pillai,
Minister for
Electricity.

I am a native of Pathanamthitta and working as a Junior Assistant in the Electrical Division Pathanamthitta. Now I have been converted and posted as cashier in the Electrical Circle Palghat. Since I haven't given willingness to work as cashier, the transfer order now issued may please be cancelled and I may be allowed to continue as Junior Assistant.

Yours faithfully,
Sd/–
(C. E. Kunju Pillai)

Pathanamthitta,
4–11–1982.

Copy submitted to the General Secretary,
K. S. E. B. Ministerial Union, Kottarakara.

2732/82/M/Elc

K. S. E. BOARD MINISTERIAL UNION,
Reg. No. 372/82, H. O. KOTTARAKARA

2/82

To

The Honourable Minister for Electricity
Kerala

Sir,

Sub:- Transfers and Postings of Senior Assistant and C. A.

I am submitting herewith the representation for transfer received from Sri. Y. Abraham, Senior Assistant and for favour of further necessary action.

Acc: Representation 2

Yours faithfully,
Sd/-
General Secretary

Kottarakara,
26-10-1982.

Dy. C. E.
Give him the transfer as a request one in the addl, vacancy.

Sd/-
2-11-1982
R. Balakrishna Pillai,
Minister for Electricity.

2852/82/M/Ele

2/82

From

A. T. George,
Junior Assistant,
Electrical Division Office
Pathanamthitta

To

The Chief Engineer,
(Electricity)
Trivandrum.

Sir,

I submit the following for your kind consideration and early favourable orders.

I have been promoted as Senior Assistant vide order No. Endt. on EB. 3 (b) 333/82 dated 4-2-1982 of Chief Engineer Electricity, serial No. 234 and posted at Electrical Circle Trichur by granting exemption from test qualification as per Article VI (b) of B. O. No. EB1/5144/75 dated 2-12-1978.

Dy. C. E. Give him a posting at Pathanamthitta as S. A.

Sd/-
5-11-1982
R. Balakrishna Pillai
Minister for Electricity.

In this connection, I may point out that I am a native of Pathanamthitta, I have been working as Electricity Worker for the long 23 years at Sabarigiri Project. I am working as Junior Assistant at the present station w. e. f. 13-6-1980. I have got only a very short spell of time to work in my native place.

I therefore request that I may kindly be posted at any one of the offices under Electrical Division, Pathanamthitta at the earliest.

Yours faithfully,
Sd/-
A. T. George

Date: 4-11-1982

Copy submitted to the General Secretary K. S. E. B. Ministerial Union, Kottarakara.

*അനുബന്ധം–3*

## രണ്ടാമത്തെ അഴിമതിയാരോപണം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ച ചില പ്രശ്നങ്ങൾ

No. ECA 111/H/1-5/Tr.156 dated 14-9-83

*അക്കൗണ്ടന്റ് ജനറൽ കെ എസ് ഇ ബി സിവിൽ ചീഫ് എൻജിനീയർക്ക് അയച്ച കത്തിൽനിന്ന് താഴെപ്പറയുന്ന കാര്യങ്ങൾ വെളിവാകുന്നു:*

1. എസ്ററിമേററ് തുകയിൽ 88 ശതമാനംകൂടി കോട്ടയത്തെ സി എസ് കമ്പനി കോട്ടു ചെയ്തു. അതനുസരിച്ച് കോൺട്രാക്ട് അവർക്ക് നൽകി. പഴയ കോൺട്രാക്ടറുടെ വീഴ്ച കാരണമാണ് പുതിയ ടെണ്ടർ ഈ ജോലിക്ക് വേണ്ടിവന്നത്. പുതിയ ടെണ്ടർ വിളിച്ചപ്പോഴോ കോൺട്രാക്ട് നൽകിയപ്പോഴോ ബോർഡ് മുൻകാലപരിചയം നിർബന്ധിച്ചില്ലായിരുന്നു. എന്നാൽ ടെണ്ടറുകാരൻതന്നെ പറഞ്ഞിരുന്നത്, 1980–82 കാലത്ത് 350 കോടി രൂപയുടെ ഒരു ടണൽ ജോലി ഗോഹട്ടിയിലെ റിഫൈനറിയിൽ അവർ നടത്തിയിട്ടുണ്ടെന്നാണ്. എന്നാൽ ഇപ്പോഴത്തെ കോൺട്രാക്ട് അവർക്ക് നൽകാൻ മതിയാകുന്ന വിധത്തിൽ മുൻകാല ജോലി പരിചയം സംബന്ധിച്ച വ്യക്തമായ യാതൊരു തെളിവുകളും കോൺട്രാക്ടർ ഹാജരാക്കിയിട്ടില്ല.

2. കോൺട്രാക്ടിന്റെ പൊതുതത്വങ്ങളുടെ അനുബന്ധത്തിലുള്ള ക്ലാസ് 2-ം 19-ം അനുശാസിക്കുന്നപോലെ ഒരു നിർമാണ പരിപാടി (Construction Programme) കോൺട്രാക്ടർ നൽകിയിട്ടില്ലെന്ന് ഫയലുകളിൽനിന്നും മനസ്സിലാകുന്നു.

3. കോൺട്രാക്ടർ ടെണ്ടറിനോടൊപ്പം നിർമാണത്തിനാവശ്യമായ ഉപകരണങ്ങളുടെയും പ്ലാൻറുകളുടെയും ലിസ്ററ് നൽകിയിട്ടില്ല. എന്നാൽ 'ഡി' ഫോമിൽ അവർ പറയുന്നത് ടണൽ ജോലിക്കാവശ്യമായ യന്ത്രസാമഗ്രികൾ സംഘടിപ്പിക്കാൻ അവർക്ക് കഴിയുമെന്ന് മാത്രമാണ്.

4. കോൺട്രാക്ടർ വെച്ച മൂന്നു പ്രത്യേക ഉപാധികളിൽ ഒരെണ്ണം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. മുഴുവൻ ജോലികൾക്കും ഒരൊററ റേററ് ആണ് എന്നതാണത്. ഇതൊരു അസാധാരണമായ വ്യവസ്ഥയായതിനാൽ ഈ വ്യവസ്ഥകൾകൊണ്ടുദ്ദേശിക്കുന്നതെന്താണെന്നതിനെപ്പററി വിശദീകരണം വേണം.

5. കോൺട്രാക്ടർക്ക് ജോലി സംബന്ധിച്ച കോൺട്രാക്ട് 13–4–83ന് നൽകുമ്പോൾ എഗ്രിമെൻറ് വെച്ച് 30 കലണ്ടർ ദിവസങ്ങൾക്കുള്ളിൽ ജോലി തുടങ്ങണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ 12–5–83 ൽ എഗ്രിമെൻറ് വച്ചെങ്കിലും 1–7–83 വരെ അവർ യാതൊരുവിധ ജോലിയും തുടങ്ങിയില്ല.

6. 5.5 കോടി രൂപയുടെ കോൺട്രാക്ട് ഒരു ലക്ഷം രൂപ മാത്രം ആസ്തിയുള്ള ഒരു പാർട്ണർഷിപ്പ് കമ്പനിക്കാണ് നൽകിയത്. എന്നാൽ ടെണ്ടറിലെ വ്യവസ്ഥകളും ഉപാധികളും അനുസരിച്ച്, സാമ്പത്തികഭദ്രതയുള്ള ഒരു വ്യക്തിക്കുമാത്രമേ കോൺട്രാക്ട് നൽകാൻ പാടുള്ളു. എന്നാൽ ഈ കാര്യത്തിൽ, നിർമാണത്തിനുള്ള സ്ഥലംപോലും ഏറെറടുക്കുന്നതിനുമുമ്പ് ബാങ്ക് ഗാരണ്ടിയുടെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസും യന്ത്രസാമഗ്രികൾ ബോർഡിന് ജാമ്യം നൽകിക്കൊണ്ട് 35 ലക്ഷം രൂപയുടെ മറെറാരു അഡ്വാൻസും അനുവദിച്ചു. ഇതിൻെറ വെളിച്ചത്തിൽ ഈ കോൺട്രാക്ടർമാരെ സാമ്പത്തിക ഭദ്രതയുള്ളവരായി എങ്ങനെ കണക്കാക്കാൻ കഴിയും എന്ന് വ്യക്തമാക്കിയാൽ കൊള്ളാം.

7. മൊത്തം എസ്ററിമേററ്തുകയുടെ 20 ശതമാനം ബാങ്ക് ഗാരണ്ടിയുടെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി നൽകണമെന്നു കോൺട്രാക്ട് ഉന്നയിച്ച പ്രത്യേക ഉപാധി ബോർഡ് തള്ളിക്കളഞ്ഞതും കോൺട്രാക്ടർ അംഗീകരിക്കുകയും ചെയ്തതാണ്. എന്നാൽ അതിനുശേഷം 6–5–83 ൽ ബോർഡ് ചെയർമാന് നൽകിയ ഒരു കത്തിലൂടെ 20 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസായി ആവശ്യപ്പെടുകയുണ്ടായി. ഡി ഒ നമ്പർ: സി 111.23780/81 തിയ്തി: 18-5-83 ഉത്തരവുപ്രകാരം അഡ്വാൻസ് നൽകാൻ ബോർഡ് അനുവാദം നൽകി. ടെണ്ടർ വ്യവസ്ഥകളിലോ കെ പി ഡബ്ലിയു എ കോഡിലോ മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ യാതൊരു വ്യവസ്ഥയുമില്ല. അതുമാത്രമല്ല സിവിൽ ചീഫ് എൻജിനീയറുടെ അഭിപ്രായവും ഈ കാര്യത്തിൽ വാങ്ങിച്ചിട്ടില്ല.

8. ബോർഡ് 20 ലക്ഷം രൂപ അനുവദിച്ചെങ്കിലും കോൺട്രാക്ടർക്ക് 19 ലക്ഷത്തിനുള്ള ബാങ്ക്ഗാരണ്ടി നൽകാനേ കഴിഞ്ഞുള്ളു വെന്നതുകൊണ്ട് 19 ലക്ഷം രൂപയേ അഡ്വാൻസായി വാങ്ങിയിട്ടുള്ളു. ഈ കാലയളവിനുള്ളിൽ വാങ്ങാതിരുന്ന അഡ്വാൻസിലെ തുകയിൽ നിന്ന് കമ്മിററ്മെൻറ് ചാർജിനത്തിൽ എന്തെങ്കിലും തുക ഈടാക്കാൻ ബോർഡിനുദ്ദേശ്യമുണ്ടെങ്കിൽ അത് അറിയിച്ചാൽ കൊള്ളാം. ഈ ഇനത്തിൽ എന്തു തുക വരുമെന്ന് കണക്കുകൂട്ടി അറിയിക്കണം.

9. 19 ലക്ഷം രൂപ വരുന്ന മൊത്തം തുകക്കുമാത്രമാണ് ബാങ്ക് ഗാരണ്ടി. ആ തുകയുടെ പലിശക്കുള്ള ഗാരണ്ടി നൽകിയിട്ടില്ല. ഏതെങ്കിലും കാരണവശാൽ കുറേനാരം കഴിഞ്ഞ് ജോലി തുടങ്ങാൻ കോൺട്രാക്ടർ തയ്യാറാകാതിരുന്നാൽ ബോർഡിന് ബാങ്കിൽനിന്നും പലിശയൊഴിച്ചുള്ള മൊത്തം തുകയേ ഈടാക്കാൻ കഴിയൂ. ഈ കാലയളവിലേക്കുള്ള പലിശ, നിയമപരമായോ അല്ലാതെയോ എന്തെങ്കിലും മററ് മാർഗങ്ങരം സ്വീകരിക്കുന്നില്ലെങ്കിൽ ബോർഡിന് ലഭിക്കാൻ സാധ്യതയില്ല.

10. അസ്സൽ എഗ്രിമെൻറ്, സപ്ലിമെൻറൽ എഗ്രിമെൻറ്, കോൺട്രാക്ടറുടെ ആദ്യത്തെ പവ്വർ ഓഫ് അറേറാർണി എന്നിവയുടെ കോപ്പികരം മുകളിൽ നൽകിയിട്ടുള്ള റിമാർക്കുകളുടെയും പ്രശ്നങ്ങളുടെയും കൃത്യമായ വിശദീകരണങ്ങരം സഹിതം ഓഡിററിനെ ഏൽപിക്കുക.

*ഗവൺമെൻറ് ഓഫ് ഇൻഡ്യ*
*ഊർജമന്ത്രാലയം.*

*രാജ്യസഭ*
*നക്ഷത്രചിഹ്നമിടാത്ത ചോദ്യം*
*നമ്പർ: 2933.*

*ആഗസ്ററ് 22-ന് മറുപടി നൽകേണ്ടത്.*

*ശ്രീ. കെ. മോഹനൻ:*

*Question*

(A) Whether it is a fact that M/S, C. S. Company, Kottayam, Kerala had carried out any tunnal work in the Gauhati Refinery in Assam.

*Answer by:*

Minister of State in the department of petroleum in the Ministry of Energy.

(A) No tunnel work was carried out by M/S. C. S. Company, Kottayam, Kerala in Gauhati Refinery, Assam.

[സി എസ് കമ്പനി ഗോഹട്ടിയിലെ റിഫൈനറിയിൽ ടണൽ ജോലി നടത്തിയിട്ടുണ്ടെന്നാണ് മുൻകാല പരിചയത്തിന് തെളിവായി പറഞ്ഞിരുന്നത്. അവർ അങ്ങനെ ഒരു ജോലി അവിടെ ചെയ്തിട്ടേയില്ലെന്ന്, കേന്ദ്രമന്ത്രി രാജ്യസഭയിൽ നൽകിയ മേൽക്കാണിച്ച മറുപടിയിൽനിന്ന് സ്പഷ്ടം.]

*അനുബന്ധം-4*

## ഒന്നാമത്തെ അഴിമതിയാരോപണം സംബന്ധിച്ച് തയ്യാറാക്കപ്പെട്ട ആധികാരികമായ ഒരു കുറിപ്പ്

1 7–10–1981–ലെ ടെൻഡർ നോട്ടീസ് പ്രകാരം ലോവർ പെരിയാർ ജലവൈദ്യുത പ്രോജക്ട് കോൺക്രീററ് ലൈൻഡ് പവ്വർ ടണലിന്റെ നിർമാണം സംബന്ധിച്ച ജോലിക്ക് സീൽഡ് ടെൻഡറുകാം ക്ഷണിക്കുകയുണ്ടായി. ടെൻഡർ സ്വീകരിക്കപ്പെടുന്ന തിയതി 24–12–1981 ആയിരുന്നു; ആയത് 6–1–1982 വരേക്ക് നീട്ടി; വീണ്ടും 17–2–1982 വരേക്കും നീട്ടി.

2 താഴെ പറയുന്നവർ ടെൻഡറുകാം സമർപ്പിച്ചു.

(എ) മെസ്സേഴ്സ് ഏഷ്യൻ ടെക്സ് ലിമിററഡ്
(ബി) ശ്രീ. പി എം പൈലിപിള്ള
(സി) ശ്രീ. സണ്ണി കെ പീററർ
(ഡി) മെസ്സേഴ്സ് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി ലിമിററഡ്
(ഇ) ശ്രീ. കെ പി പൗലോസ്
(എഫ്) മെസ്സേഴ്സ് റോയൽ ആൻറ് ജോജോസ്.

3 ടെൻഡർ നോട്ടിഫിക്കേഷനിലെ വ്യവസ്ഥപ്രകാരം താഴെപ്പറയുന്ന ഉള്ളടക്കത്തോടുകൂടി മൂന്ന് പ്രത്യേക കവറുകളിലായിട്ടാണ് ടെൻഡറുകാം സമർപ്പിക്കപ്പെട്ടിരുന്നത്.

(എ) മുൻയോഗ്യതാപ്രമാണങ്ങാം
(ബി) കോൺട്രാക്ടർമാർക്ക് ഏതെങ്കിലും വ്യതിയാനങ്ങളോ പ്രത്യേക വ്യവസ്ഥകളോ ഉണ്ടെങ്കിൽ അവ.
(സി) ലേലസംഖ്യ

4 വ്യതിയാനങ്ങളും വ്യവസ്ഥകളും അടങ്ങുന്ന കവറുകാം കോൺട്രാക്ടർമാരുടെ സാന്നിധ്യത്തിൽ 17–2–1982-ൽതന്നെ തുറന്നു.

5 മുൻകാല യോഗ്യതാപ്രമാണങ്ങാം അടങ്ങിയ കവറുകാം തുറന്നത് ബോർഡ് അധികാരികളാണ്. ആദ്യത്തെ നാല് കോൺട്രാക്ടർമാരും മുൻകാലയോഗ്യതകാം നേടിയവരായിരുന്നു. (തുടർന്ന് അഞ്ചാമത്തെ കോൺട്രാക്ടറും മുൻകാലയോഗ്യത നേടിയിരുന്നതാണ്.)

6 11–3–1982–ൽ കെ എസ് ഇ ബി യുടെ സിവിൽ വിഭാഗം (ജനറൽ) ചീഫ് എൻജിനീയർ കോൺട്രാക്ടർമാരെ കൂടിയാലോചനക്ക് വിളിച്ചു; മുൻകാല യോഗ്യതകാം നേടിയ കോൺട്രാ

ക്ടർമാർ അന്നുതന്നെ വ്യതിയാനങ്ങളിലും വ്യവസ്ഥകളിലും പുതിയ മാററങ്ങരം വരുത്തിക്കൊണ്ടുള്ള പേപ്പറുകരം സമർപ്പിക്കുകയും ചെയ്തു.

7 ടെൻഡറുകളെ സംബന്ധിച്ച് ചീഫ് എൻജിനീയർ ബോർഡിനു നൽകിയ ടാബുലേഷൻ റിപ്പോർട്ടനുസരിച്ച്, ഏററവും കുറഞ്ഞ ടെൻഡർ ഏഷ്യൻ ടെക്സ് ലിമിററഡ് (ഗ്രൂപ്പ്) ൻേറതായിരുന്നു.

8 മുൻകാലയോഗ്യതകളോടുകൂടി രാഷ്ട്രാന്തരീയ സ്ററാൻഡേർഡ് പരിഗണിച്ചാണ് ഈ പ്രത്യേക പ്രവർത്തിക്കുള്ള ടെൻഡർ ക്ഷണിച്ചിരുന്നത് എന്നതുകൊണ്ടുതന്നെ ഏററവും കുറഞ്ഞ ടെൻഡർകാരെ ബോർഡ് കൂടിയാലോചനക്ക് വിളിക്കേണ്ടിയിരുന്നതും ജോലി അവരെ ഏൽപിക്കേണ്ടതുമായിരുന്നു; സാധാരണ പതിവ് അതാണ്.

9 ഇതിന് വിപരീതമായി മുൻകാല യോഗ്യത നേടിയിട്ടുള്ള എല്ലാ ടെൻഡർകാരെയും ബോർഡ് ലെവലിൽതന്നെ കൂടിയാലോചനക്ക് ക്ഷണിക്കണമെന്ന് കെ എസ് ഇ ബോർഡിലെ എഫ് എയും പി എ ഒ യും നിർദേശിക്കുകയാണുണ്ടായത്.

10 ഈ സംഭവവികാസങ്ങളെക്കുറിച്ച് അറിഞ്ഞ ഏഷ്യൻ ടെക്സ് 1982 ജൂലൈ 5–ാം തിയതി കെ എസ് ഇ ബോർഡിന് അയച്ച കത്തിൽ ടെൻഡറിൻെറ രഹസ്യസ്വഭാവവും പരിശുദ്ധിയും കാത്തുസൂക്ഷിക്കുകയെന്നത് നിരാക്ഷേപമായും ആവശ്യമായതുകൊണ്ട് മററെല്ലാ ടെൻഡർകാരോടും അവരവർക്കുള്ള അവസാനവ്യവസ്ഥകരം മുദ്രവെച്ച കവറുകളിൽ ബോർഡിന് സമർപ്പിക്കുവാൻ ബോർഡിൽനിന്ന് നിർദേശിക്കേണ്ടതും, അപ്രകാരം സമർപ്പിക്കപ്പെടുന്ന വ്യവസ്ഥകരം മുൻകൂട്ടി നിശ്ചയിക്കുന്ന സമയത്ത് എല്ലാ ടെൻഡർകാരുടെയും പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കേണ്ടതുമാണെന്നും അങ്ങനെയായാൽ ബോർഡിന് നീതിപൂർവകമായ ഒരു തീരുമാനമെടുക്കാൻ കഴിയുമെന്നും എഴുതുകയുണ്ടായി.

11 മനസ്സില്ലാമനസ്സോടെ ബോർഡ് ഈ അഭ്യർഥന അംഗീകരിക്കുകയും 13–7–1982–ന് കോൺട്രാക്ടർമാരെ കൂടിയാലോചനക്ക് വിളിക്കുകയും ചെയ്തു.

ബോർഡ് നിർദേശിച്ചതനുസരിച്ച് അവരെല്ലാം പുതുക്കിയതും അവസാനത്തേതുമായ വ്യവസ്ഥകരം (ബോർഡിൻെറ നിയോഗങ്ങരംക്കനുസൃതമായ അവസാന വ്യവസ്ഥ) അതേ ദിവസതന്നെ വളരെ വൈകി ബോർഡിന് സമർപ്പിക്കുകയും ചെയ്തു. മേൽപറഞ്ഞ അവസാനവ്യവസ്ഥകളും തുറന്നത് കോൺട്രാക്ടർ

മാരുടെ സാന്നിധ്യത്തിൽ തന്നെയായിരുന്നു. വീണ്ടും ഏഷ്യൻ ടെക്സ് ലിമിററഡ് (ഗ്രൂപ്പ്) തന്നെയായിരുന്നു ഏററവും കുറഞ്ഞ ടെൻഡറുകാർ; ഒരു കോടിയിൽപരം രൂപയുടെ കുറവ്.

12 കെ എസ് ഇ ബി പ്രസ്താവിച്ചിരുന്നതനുസരിച്ച് ടെൻഡറുകളുടെ അവസാന നിരക്കുകളുടെ സംഖ്യ താഴെ പറയുംപ്രകാരമാണ്:

| | |
|---|---|
| ഏഷ്യൻ ടെക്സ് ലിമിററഡ് | 23 48 44 000/—രൂപ (ഏററവും താണത്) |
| ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി ലിമിററഡ് | 24 58 24 000/—രൂപ (രണ്ടാമത്തേത്) |
| കെ പി പൗലോസ് | 29 39 24 000/—രൂപ (മൂന്നാമത്തേത്) |

13 ഈ ഘട്ടത്തിലെങ്കിലും ഏററവും കുറഞ്ഞത്, മര്യാദപാലിച്ചെങ്കിലും ഏഷ്യൻ ടെക്സ് ലിമിററഡ് (ഗ്രൂപ്പ്) നെ ഈ ജോലി ബോർഡ് ഏൽപിക്കേണ്ടതായിരുന്നു. എന്നിട്ടും സംഗതി ബോർഡ് വീണ്ടും വച്ചുതാമസിപ്പിക്കുകയാണുണ്ടായത്.

14 കോൺട്രാക്ടേഴ്സിൽനിന്നും കൂടുതൽ വിശദീകരണം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും മറുപടി 4–9–1982 നോ അതിനു മുൻപായോ സ്പെഷ്യൽ മെസഞ്ചർ വഴി ബോർഡിന് ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും 24–8–1982 ൽ ബോർഡിൽനിന്ന് കോൺട്രാക്ടർമാർക്ക് കത്തയച്ചു. കോൺട്രാക്ടർമാരെല്ലാം അത് അനുസരിച്ചു. എന്നാൽ ഈ കത്തുകളെല്ലാം കോൺട്രാക്ടർമാരുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കേണ്ടതാണെന്ന നിയമാനുസൃതവ്യവസ്ഥ പാലിക്കാതെ, ബോർഡിലെ ഓഫീസർമാരുടെ സൗകര്യാർഥം തുറന്നുനോക്കുകയാണുണ്ടായത്. ഇപ്രകാരം ലഭിച്ച എല്ലാ കൂടുതൽ വിശദീകരണങ്ങളും വേണ്ടവിധം പരിശോധിച്ച് അപഗ്രഥിച്ചു നോക്കിയിട്ടും ഏഷ്യൻ ടെക്സ് ലിമിററഡ് (ഗ്രൂപ്പ്), എച്ച് സി സി ലിമിററഡിനെക്കാരം വളരെ താഴ്ന്ന തുകയ്ക്കാണ് ടെൻഡർ നൽകിയിരുന്നത് എന്ന് കാണുന്നു.

15 ഇതിനിടയിൽ കോൺട്രാക്ട് ഉറപ്പിക്കുന്നതിന് ബോർഡിന് കൂടുതൽ സമയം ആവശ്യമായതുകൊണ്ട് ടെൻഡറിൻെറ സാധുത 13–4–1983 വരെ നീട്ടുന്നതായി കോൺട്രാക്ടർമാരെ അറിയിച്ചു.

16 ടാബുലേഷനിൽ സൗകര്യപൂർവം തിരിമറികരം നടത്തിക്കൊണ്ട്

ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയെ മെസ്സേഴ്സ് ഏഷ്യൻ ടെക്സ് ഉൾപ്പെടെയുള്ളവരിൽനിന്നും ഏതാണ്ട് 17.88 ലക്ഷം രൂപ താഴ്ന്ന തുകക്ക് ഓഫർ പുതുക്കിയ കമ്പനിയാക്കി കാണിച്ചിരിക്കുന്നുവെന്ന്, വിശ്വസനീയ കേന്ദ്രങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സത്യമിതാണെങ്കിൽ, ഉയർന്ന തലത്തിൽത്തന്നെ വളരെ ഗുരുതരവും നിഗൂഢവുമായ കൈകടത്തലുകൾ നടത്തി ടെൻഡറിന്റെ ഫലത്തെ തകിടം മറിച്ചിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്; തൽഫലമായി കേരളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്നവരും ഈ മാതിരി വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നതിനു കഴിവും സാധ്യതകളും സാങ്കേതികജ്ഞാനവും ഉള്ളവരുമായ കോൺട്രാക്ടർമാരുടെ ഒരു ഗ്രൂപ്പിന് സ്വാഭാവികനീതിപോലും നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നതും സ്പഷ്ടമാണ്.

17 കെ എസ് ഇ ബോർഡ് എച്ച് സി സി ലിമിറ്റഡുമായി രഹസ്യമായി കൂടുതൽ കൂടിയാലോചനകൾ നടത്തിയതായി വിശ്വസനീയ കേന്ദ്രങ്ങളിൽനിന്ന് അറിവായിട്ടുണ്ട്; എന്നാൽ ഇത്തരം ഒരു അവസരം മുൻകാലയോഗ്യതകൾ നേടിയിട്ടുള്ള മററു ലേലക്കാർക്ക് നൽകിയിട്ടുമില്ല. 1–9–1982 ലെ എച്ച് സി സി ലിമിറ്റഡിന്റെ ബോർഡിനുള്ള കത്തിൽനിന്നും ഇത് വെളിവാകും. ഈ കത്തിൽക്കൂടി അവർ ചില റിബേററുകൾ വാഗ്ദാനം ചെയ്തിട്ടുണ്ട്; അതോടൊപ്പം നേരത്തെ നിർദേശിച്ചിരുന്ന വ്യവസ്ഥകളിലും ചില മാററങ്ങൾ വരുത്തിയിട്ടുള്ളതായി കത്ത് വെളിവാക്കുന്നു. ഈ നടപടി നിയമത്തിനും ടെൻഡറിങ്ങിന്റെ എല്ലാ തത്വങ്ങൾക്കും സ്വാഭാവികനീതിക്കും എതിരാണ്.

18 ഇത്തരം ഗൂഢമായ എല്ലാ കൈകടത്തലുകളും ഉണ്ടെങ്കിൽപോലും, ഒരു ആധികാരികകേന്ദ്രത്തെക്കൊണ്ട് നിഷ്പക്ഷമായ ടാബുലേഷൻ നടത്തുന്നപക്ഷം, ഏഷ്യൻ ടെക്സ് ലിമിററഡും മററുള്ളവരും ഒരു കോടിയിൽപരം രൂപക്ക് താഴ്ത്തി ടെൻഡർ നൽകിയിട്ടുള്ളവരാണെന്നും അതുകൊണ്ടുതന്നെ ഈ വർക്ക് ഏഷ്യൻ ടെക്സ് ലിമിററഡിനും മററുള്ളവർക്കും കൊടുക്കേണ്ടിയിരുന്നുവെന്നും നിയമപരമായും സ്വാഭാവികനീതിയുടെ തത്വങ്ങൾക്ക് അനുസരിച്ചും വ്യക്തമാകുന്നു.

19 ഈ ടെൻഡർ ക്ഷണിച്ച യഥാർഥത്തിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, അതായത് കെ എസ് ഇ ബി യിലെ ചീഫ് എഞ്ചിനീയർ (സിവിൽ) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രമാണങ്ങളോ ഫയലുകളോ കണ്ടിട്ടില്ല എന്നാണറിയുന്നത്. ചീഫ് എഞ്ചിനീയറെ (സിവിൽ) പോലെ യഥാർഥത്തിൽ അധികാരപ്പെട്ട ഉദ്യോ

ഗസ്ഥന്റെ ഇടപെടലിനെ ഒഴിവാക്കിക്കൊണ്ട് ടെൻഡറിന്റെ കാര്യത്തിൽ തീരുമാനം എടുക്കുന്നതും ഉറപ്പിക്കുന്നതും, ഈ ടെൻഡറിന്റെ കാര്യത്തിൽ നടന്നിട്ടുണ്ടെന്നുള്ളതുതന്നെ ഈ ടെൻഡറിനെപ്പററി അവസാനതീരുമാനമെടുക്കുന്നതിൽ അഴിമതിയും ഉന്നതസ്ഥാനീയരുടെ സ്വജനപക്ഷപാതവും നടന്നിട്ടുണ്ടെന്നതിന് വ്യക്തമായ തെളിവാണ്.

(ബോർഡ് കാണിക്കുന്ന എല്ലാ ടെൻഡറുകളുടെയും അധികാരി ചീഫ് എഞ്ചിനീയർ (സിവിൽ) ആണ്. മൂല്യനിർണയം ചെയ്ത് കൂടിയാലോചനകളുടെ ഓരോ സ്റേറജിലും ബോർഡിന് ശുപാർശകൾ സമർപ്പിക്കുക, വിശദീകരണം തേടുക തുടങ്ങിയവയെല്ലാം ചെയ്യേണ്ടത് അദ്ദേഹത്തിന്റെ കടമകളാണ്.)

20 മെസ്സേഴ്സ് ഏഷ്യൻ ടെക്സ് ലിമിററഡ്, മെസ്സേഴ്സ് പി എം പൈലിപിള്ള, സണ്ണി കെ പീററർ എന്നിവർ വെവ്വേറെയാണ് ടെൻഡർ നൽകിയിരുന്നത്. ബോർഡ് ആവശ്യപ്പെട്ടാൽ വേണമെങ്കിൽ അവർ ഒരുമിച്ച് ഈ ജോലി ഏറെറടുത്ത് അവരുടെ വിഭവങ്ങൾ മൊത്തം സമാഹരിച്ച് പ്രവൃത്തി പൂർത്തിയാക്കാൻ തയ്യാറാണെന്നും അവർ നിർദേശിച്ചിരുന്നു. പ്രാരംഭഘട്ടങ്ങളിൽ സഹകരണം എന്ന ആശയംതന്നെ പ്രശംസിക്കപ്പെട്ടു; ബന്ധപ്പെട്ട ഓഫീസർമാർ അതിനെ സ്വാഗതം ചെയ്തു; തന്നെയുമല്ല, കൂടിയാലോചനയുടെ വിവിധ ഘട്ടങ്ങളിൽപോലും ബോർഡിന്റെ ഭാഗത്തുനിന്നും ഈ നിർദേശത്തിനെതിരെ യാതൊരു എതിർപ്പും ഉണ്ടായതുമില്ല. പക്ഷെ, പിന്നീട് ബോർഡ് ഈ നിർദേശത്തെ ഒരു ''വഞ്ചിക്കാനുള്ള ഗൂഢാലോചന''യായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്; എച്ച് സി സി ക്ക് ഈ പ്രവൃത്തി ഏൽപിച്ചു കൊടുക്കുന്നതിന് ''സൗകര്യപ്രദമായ ഒരു കാരണം'' എന്നതുപോലെ.

21 തുല്യപരിചയസമ്പത്തും ശേഷിയും അനുയോജ്യമായ അധികാരസ്ഥാനത്തുനിന്നും യോഗ്യത നേടിയിട്ടുള്ളവരുമായ കോൺട്രാക്ടർമാർ ഇമ്മാതിരി ടെൻഡറുകൾക്ക് മത്സരിക്കുമ്പോൾ ഏതാനും ചില സ്ഥാപിതതാൽപര്യക്കാർ ടെൻഡറിങ്ങിന്റെ പരിശുദ്ധിയെത്തന്നെ കുരുതി കൊടുത്തും ഖജനാവിനുതന്നെ വമ്പിച്ച നഷ്ടം വരുത്തിവച്ചുകൊണ്ടുള്ള സാഹസത്തിന് ഒരുമ്പെട്ട് ബോംബെ ആസ്ഥാനമാക്കിയുള്ള ഒരു കമ്പനിക്ക് വമ്പിച്ച ആനുകൂല്യങ്ങൾ ചൊരിയുന്നതിന് കരുതിക്കൂട്ടി തീരുമാനിച്ചിരിക്കുന്നുവെന്നത് ആശ്ചര്യകരംതന്നെ. എച്ച് സി സി ലിമിററഡിന് മേൽപറഞ്ഞ ജോലി ഏൽപിച്ചുകൊടുക്കുന്നതിനുള്ള കെ എസ് ഇ ബോർഡിന്റെ ഉദ്ദേശ്യം ഉന്നതസ്ഥാനീയരുടെ തികഞ്ഞ അനീതിക്ക് മറെറാരു ഉദാഹരണമാണ്.

22 കഴിയുന്നതും കെ എസ് ഇ ബി യിലെ ചീഫ് എഞ്ചിനീയർമാരും പി ഡബ്ലിയു ഡി, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് എന്നിവയിലെ ചീഫ് എഞ്ചിനീയർമാരും അല്ലെങ്കിൽ തത്തുല്യരായ വ്യക്തികളും അടങ്ങുന്ന ഉയർന്ന യോഗ്യതയുള്ള എഞ്ചിനീയർമാരുടെ ഒരു കമ്മിററിയെ ഗവൺമെൻറിൽനിന്ന് നിയോഗിച്ച് കെ എസ് ഇ ബോർഡ് നടത്തിയ ഈ ടെണ്ടറിങ്ങിനെപ്പററി പരിശോധന നടത്തിക്കേണ്ടതാണ്.

*അനുബന്ധം-5*

## പത്താമത്തെ അഴിമതിയാരോപണം സംബന്ധിച്ച ചില വസ്തുതകൾ

### 660 കിലോമീററർ കുണ്ടറ എസി എസ് ആർ കേബിളിനുവേണ്ടിയുള്ള ടെണ്ടർ നമ്പർ: ററി 2 (ഡി) 7/81.

| കമ്പനിയുടെ പേര് | കിലോമീറററിന് കോട്ട് ചെയ്തത് | നിരക്ക് മാർച്ച് 83 ൽ നെഗോഷിയേററ് ചെയ്തത് | കാണ്ടിററി ഓർഡർ (ഏപ്രിൽ) 1983 |
|---|---|---|---|
| മോഹൻ അലൂമിനിയം, ബാംഗ്ലൂർ | രൂ. 26 749 | രൂ. 28 100 | 300കി.മീററർ രൂ. 84.3 ലക്ഷം |
| സ്മിതാ ബോംബെ | രൂ. 26 960 | — | — |
| അലിൻഡ് കുണ്ടറ | രൂ. 28 500 | രൂ. 28 450 | — |
| ഫാൽക്കൺ വയർസ്, മദ്രാസ് | രൂ. 28 341 | രൂ. 28 450 | 100 കി.മീററർ (രൂ. 28.4) |
| ഒമേഗ, മദ്രാസ് | രൂ. 28 840 | രൂ. 28 450 | 260 കി.മീററർ (രൂ. 73.94 ലക്ഷം) |
| ആകെ | — | — | 186.64 ലക്ഷം |

*അനുബന്ധം-6*

**1983 ജൂലായ് 4-ാംതിയതി എം വി രാഘവനും ജൂലായ് 19-ാംതിയതി മററ് നിയമസഭാംഗങ്ങളും ആർ ബാലകൃഷ്ണപിള്ളക്കെതിരായി അഴിമതിയാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് നിയമസഭാതലത്തിൽ നടത്തിയ പ്രസംഗങ്ങൾ ഇവിടെ ചേർക്കുന്നു.**

## എം വി രാഘവൻ

മൂഴിയാർ പവർ ഹൗസിലെ ടെയിൽറെയിഡ് വാട്ടർ ഉപയോഗപ്പെടുത്തി വൈദ്യുതി ഉൽപാദിപ്പിക്കാൻവേണ്ടിയുള്ള ഒരു പദ്ധതിയാണ് കക്കാട് പദ്ധതി. അഞ്ചരക്കോടി രൂപയാണ് ഇതിൻെറ എസ്ററിമേററ്. ഇത് കൊടുത്തിട്ടുള്ളത് കോട്ടയത്തെ സി എസ് കമ്പനിക്കാണെന്നാണ് പറയുന്നത്. ഇവർ മുമ്പ് ഒരു കരാറും എടുത്തിട്ടുള്ളവരല്ല. ഇലക്ട്രിസിററി ബോർഡിൻെറ യാതൊരു കരാർ വർക്കും അവർ നടത്തിയിട്ടില്ല. ഈ കമ്പനിയുടെ റജിസ്റേറർഡ് മൂലധനം ഒരു ലക്ഷം രൂപയാണ്. ഇത്തരത്തിലുള്ള ഒരു കമ്പനിയാണ് ഇതിൻെറ ലോവസ്ററ് ക്വട്ടേഷൻ കൊടുത്തത്. 88 ശതമാനം കോട്ട് ചെയ്താണ് ആ കമ്പനിക്ക് കൊടുത്തത്. 88 ശതമാനം എന്നത് ലോവസ്ററ് തന്നെയാണ്. അതിൽ തർക്കമില്ല. അങ്ങനെ അവർക്ക് കരാർ കൊടുക്കാൻ തീരുമാനിച്ചു. മാർച്ച് 13-ാം തിയതിയാണ് തീരുമാനിച്ചത്. പക്ഷെ, ആ തീരുമാനം എടുക്കുമ്പോൾ രണ്ട് നിബന്ധനകൾ അംഗീകരിക്കാൻ കഴിയുകയില്ല എന്ന് ബോർഡ്തന്നെ തീരുമാനിച്ചു.

അതിൽ ഒന്ന് the essential steps that we are taking against the Labour problem should be supported by the department, if any ഉം രണ്ടാമത്തേത് 20% of the P. A. C (Total Amount) should be given as mobilisation advance against bank guarantee. ഇത് രണ്ടും ഒഴിവാക്കിക്കൊണ്ടാണ്, അദ്ദേഹത്തിൻെറ നിർദേശങ്ങൾ ഒഴിവാക്കിക്കൊണ്ടാണ്, ഈ കരാർ സ്വീകരിച്ചത്. അങ്ങനെ നിബന്ധനകൾ ഒഴിവാക്കിക്കൊണ്ട് കരാർ സ്വീകരിക്കുമ്പോൾ സ്വാഭാവികമായിട്ടും കരാറുകാരനുമായിട്ട് ആലോചിക്കാത്തതുകൊണ്ട് പ്രതിഷേധിക്കേണ്ടതാണ്. എടുക്കാതിരിക്കേണ്ടതാണ്. പക്ഷെ, അതൊന്നും ആ കരാറുകാരൻ ചെയ്തില്ല. ആ കരാറുകാരൻ ചിലപ്പോൾ രഹസ്യമായി

ബാലകൃഷ്ണപിള്ളയെയും മററാളുകളെയും കണ്ടിട്ടുണ്ടാവും. പിന്നീട് എന്തെങ്കിലും ചെയ്യാമെന്ന് ഉറപ്പ് ഉണ്ടായിരിക്കും. അല്ലാതെ ഒരു ഒബ്ജക്ഷനുമില്ലാതെ ഈ കണ്ടീഷൻ വെച്ചുകൊണ്ട് സ്വീകരിക്കുകയില്ലല്ലോ.

അങ്ങനെ ആ വ്യവസ്ഥകൾ സ്വീകരിക്കാതെ സി എസ് കമ്പനിയുമായി ഇടപാട് നടത്തി കരാർ ഉറപ്പിച്ചുകൊടുത്തു. അങ്ങനെഉറപ്പിച്ചശേഷം വീണ്ടും 20 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസ് ആയി കൊടുക്കുവാൻ നിശ്ചയിച്ചു. അതിന് നിദാനമായി പറഞ്ഞിരുന്നത് സി എസ് കമ്പനി മെയ് ആറാംതിയതി ഒരു കത്തയച്ചുവെന്നാണ്. ബോർഡ്യോഗം ചേർന്ന അന്നോ മറേറാ ആണ് കത്ത് കൊടുത്തത്. ഞാൻ ചോദിക്കട്ടെ മിസ്ററർ ബാലകൃഷ്ണപിള്ളയോട്, എങ്ങനെയാണ് ആദ്യം കമ്പനിപോലും അംഗീകരിച്ച് അഡ്വാൻസ് വർക്കുചെയ്യാമെന്ന് തീരുമാനിച്ചിട്ട്, പിന്നെ ഈ അഡ്വാൻസ് കൊടുക്കാൻവേണ്ടി നിങ്ങൾ ഈ തീരുമാനം എന്തിനാണ് എടുത്തത്. അതിലും വിശേഷിച്ച് വേറൊരു സംഗതി ഉണ്ട്. അതിൻെറ കള്ളക്കളി കാണാൻ കഴിയും. മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കേണ്ടെന്ന് ആദ്യം തീരുമാനിച്ച അതേ ബോർഡ്തന്നെ പിന്നീട് കോൺട്രാക്ടർക്ക് കൊടുക്കാൻ തീരുമാനിച്ചു. 30 ദിവസത്തിനകം ജോലി ആരംഭിച്ചില്ലെങ്കിൽ അഡ്വാൻസ് കൊടുക്കാൻ പാടില്ലെന്നാണ്. ഈ ബോർഡ് തീരുമാനമെടുക്കുമ്പോൾ ജൂൺ 28—ാം തിയതി ഉച്ചക്ക് ബോർഡ് ചെയർമാൻ രാമഭദ്രൻ നായർ, അക്കൗണ്ട്സ് മെമ്പർ സുകുമാരൻ നായർ, ലാ ഓഫീസർ നമ്പ്യാർ, ചീഫ് എൻജിനീയർ ഭരതൻ, സൂപ്രണ്ടിംഗ് എൻജിനീയർ ബാലപ്പണിക്കർ എന്നിവർ സ്ഥിതിഗതികൾ അവലോകനം ചെയ്ത് ജോലി ആരംഭിച്ചതിനുശേഷംമാത്രം മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്താൽ മതിയെന്ന് ശുപാർശ ചെയ്തു. നമ്മുടെ നീതിമാനും സത്യസന്ധനുമായിട്ടുള്ള വകുപ്പ് മന്ത്രി ആർ ബാലകൃഷ്ണപിള്ള ഈ തീരുമാനത്തെ അംഗീകരിക്കുകയും ചെയ്തു....തടസ്സം....ബാലകൃഷ്ണപിള്ള അടക്കം അംഗീകരിച്ചിട്ടാണ് ആ തീരുമാനം എടുത്തത്. പക്ഷെ ജൂൺ 28—ാം തിയതി ബാലകൃഷ്ണപിള്ള——ഈ തീരുമാനമെടുക്കുമ്പോൾത്തന്നെ രാത്രിയിൽ മാററാമെന്ന് അയാളോട് ഏററിട്ടുണ്ടാവും; നീതിമാനും സത്യസന്ധനുമായതുകൊണ്ട്. ജൂൺ 28—ാം തിയതി രാത്രിയുടെ മറവിൽ എന്തെല്ലാമോ നടന്നിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാൻ വളരെ വേഗത്തിൽത്തന്നെ നീക്കങ്ങൾ ആരംഭിച്ചു. ഈ കമ്പനിക്ക് ബാങ്ക് ഗ്യാരൻറി കൊടുത്തത് പഞ്ചാബ് ആൻറ് സിൻഡ് ബാങ്കാണ്. അവർക്കാണ് പവർ ഓഫ് അറേറാർണി കൊടുത്തത്. അവർ ഉടനെ തിരുവനന്തപുരത്തേക്ക് എത്തി വേണ്ട ഏർപ്പാടെല്ലാം ചെയ്തു.

പക്ഷെ, പേമെൻറ് നേരിട്ട് നടത്താൻ കഴിയില്ലെന്ന് കണ്ടപ്പോൾ പഞ്ചാബ് ആൻറ് സിന്ദ് ബാങ്ക് പവ്വർ ഓഫ് അറേറാർണി പിൻവലിച്ചു. അപ്പോൾ ബാലകൃഷ്ണപിള്ളക്കറിയാം എന്താണിതിൻെറ ഉള്ളിലുള്ള കള്ളക്കളിയെന്ന്....ബഹളം....അതെനിക്കറിയില്ല. നിങ്ങൾ സമ്മതിച്ചാൽ പിന്നെ പ്രശ്നമില്ലല്ലോ? മന്ത്രി ബാലകൃഷ്ണപിള്ളയുടെ പക്കൽ ഇത് സംബന്ധിച്ച തെളിവുകളുണ്ട്. ഉച്ചയായപ്പോൾ അഡ്വാൻസ് നാടകത്തിൻെറ പിരി കുറച്ചുകൂടി മുറുകി. തലേദിവസം മന്ത്രിയുടെ മുമ്പിൽ എടുത്ത തീരുമാനങ്ങൾക്ക് കടകവിരുദ്ധമായി സീതത്തോട്ടിലെ എക്സിക്യൂട്ടീവ് എൻജിനീയർക്ക് ബോർഡിൽനിന്നും നിർദേശം പോകുന്നു; 19 ലക്ഷം രൂപ സി എസ് കമ്പനിക്ക് ഉടനെ കൊടുക്കാൻ. ഇതിനകംതന്നെ ഇത് വിവരിച്ചുകൊണ്ട് 29–ാം തിയതി സ്ഥലം ഏറെറടുക്കാമെന്ന് പറഞ്ഞ്; ജോലി എന്തൊക്കെ ചെയ്തെന്ന് തെളിയിക്കാൻ ജൂൺ 30–ാം തിയതി ജോലി ചെയ്യുമെന്നും അവിടെ പ്രവൃത്തി ആരംഭിക്കുമെന്നും പറഞ്ഞ് കരാറുകാരൻ ഒരു കത്ത് കൊടുത്തിട്ടുണ്ട്. അങ്ങനെ സീതത്തോട് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഒരു ഉത്തരവ് കിട്ടി. ചീഫ് എൻജിനീയർ ഒരു പ്രത്യേക ദൂതൻവഴി അത് എക്സിക്യൂട്ടീവ് എൻജിനീയർക്ക് കൊടുക്കുന്നു. അഞ്ച് മണിക്ക് അയാൾ ചെക്ക് എഴുതി സി എസ് കമ്പനിയെ ഏൽപിക്കുന്നു. സ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ വടശ്ശേരിക്കരയിലെ ബ്രാഞ്ച് മാനേജർ ചെക്കിൻെറ വരവും കാത്ത് ആപ്പീസിൽ ഇരിക്കുന്നു. രാത്രി 9 മണിക്കാണ് ചെക്ക് ഒപ്പിട്ടു കൊടുത്തതെന്നാണ് പറയുന്നത്. എപ്പോൾ? 29–ാം തിയതി. അങ്ങനെ ചെക്ക് ഒപ്പിട്ട് കൊടുത്തതിനെപ്പററിയും ആപ്പീസ് സമയം കഴിഞ്ഞ് ചെക്ക് ഒപ്പിട്ട് കൊടുത്തതിനെപ്പററിയും അന്വേഷിക്കണം. സർ: വൈദ്യുതിഭവനിൽനിന്നും ഒരു നോട്ട് തയ്യാറാക്കി ബാലകൃഷ്ണപിള്ളക്ക് അയച്ചിട്ടുണ്ട്. അതിൽ ഇതെല്ലാമുണ്ട്.

The Executive Engineer, K C Division on receipt of the information from Supdty. of Engineer, Civil Circle, Pattom. requested the manager, State Bank of Travancore, Vadasserikkara Branch to defer the Payment of Cheque. Since the Contractor did not honour their commitment to start the work on the 30th June. The manager informed the Executive Engineer that the transactions had been completed on 29-6-1983 itself as for as the Vaaasserikkara Branch is concerned and transfer of funds to their Eranakulam Branch effected from payment of the amount to M/S Punjab & Sind Bank, the Contractor's Bankers. On receipt of official letter from the Executive Engineer, K C Division. It was understood that the Branch Manager has informed

his counter part at Ernakulam to stop payment of this amount, it is gathered.

ഇത് ബാലകൃഷ്ണപിള്ളയുടെ കയ്യിലുള്ള നോട്ടാണ്. ബാലകൃഷ്ണപിള്ളക്ക് വൈദ്യുതിഭവനിൽനിന്ന് തയ്യാറാക്കി മറുപടി പറയാൻവേണ്ടി കൊടുത്തതും അതിലുണ്ട്. ഇത് വേണമെങ്കിൽ ഞാൻ മേശപ്പുറത്ത് വെക്കാം. ആ നോട്ട് നമ്പർ E T A D 5/81/2-78-3 ആണ്. അത് ദേശാഭിമാനിയിൽ വന്നു. അതുകൊണ്ടാണ് സ്റേറാപ്പ് ചെയ്തത്. ആ വാർത്ത വന്നതുകൊണ്ടാണ് ഈ ചെക്ക് ഡ്രോ ചെയ്യാൻ പാടില്ല എന്നുള്ള കൽപന പോയിട്ടുള്ളത്. പക്ഷെ ഡി സി കൊടുത്തുകഴിഞ്ഞു. ഇനി പിടിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഇതിൽ നടന്ന കള്ളക്കളികളെല്ലാം വ്യക്തമാക്കണം. ഈ സി എൻ കമ്പനിക്ക് ഇങ്ങനെ പണംകൊടുക്കാൻ ഇടയായിട്ടുള്ള കാരണങ്ങൾ വ്യക്തമാക്കണം. മററൊന്ന് മൊബിലൈസേഷൻ അഡ്വാൻസ് വേണമെന്ന ആവശ്യം ഏകപക്ഷീയമായി തള്ളിക്കളഞ്ഞിട്ടും പിന്നീട് എങ്ങനെയാണ് കൊടുത്തതെന്ന് ബാലകൃഷ്ണപിള്ള പറയണം. അതുപോലെതന്നെ 19 ലക്ഷം മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കുവാനുള്ള തീരുമാനത്തെ ലംഘിച്ചുകൊണ്ട് ബോർഡ് ഉത്തരവായ സാഹചര്യം പറയണം. ആദ്യത്തെ കരാർ ഒപ്പുവെച്ച 30 ദിവസത്തിനകം ജോലി ആരംഭിച്ചിട്ടില്ല സാർ. ജോലി ആരംഭിക്കാത്തതുകൊണ്ട് ഇപ്പോൾ കാറിൽ പത്തോ പന്ത്രണ്ടോ ആളുകളെ കൊണ്ടുപോയിട്ട് ജോലിയാരംഭിച്ചു എന്നാണ് പൈസക്കുവേണ്ടി പറയുന്നത്. അതുകൊണ്ട് ഈ രീതിയിൽ അഞ്ചരക്കോടി രൂപയുടെ ഒരു പദ്ധതി ഒരു ലക്ഷം രൂപ പോലും മൂലധനമില്ലാത്ത ഒരു കമ്പനിക്ക് ഇങ്ങനെ കരാർ കൊടുക്കുകയും അവർ യാതൊരു പ്രവൃത്തിയും തുടങ്ങാതെ, മൊബിലൈസേഷൻ അഡ്വാൻസ് എന്നു പറഞ്ഞ് അവർക്ക് പണം കൊടുക്കുകയും ചെയ്തു. സ്കറിയ തോമസ് എം പി, ബാലകൃഷ്ണപിള്ള അതുപോലുള്ള ആളുകൾ നടത്തിയിട്ടുള്ള ഉപജാപങ്ങളാണ് ഇതിന്റെ പിന്നിലുള്ളത്. ഈ രാജ്യത്തെ ഇലക്ട്രിസിററി ബോർഡ് ഇയാൾ നശിപ്പിച്ചു സാർ. ഷോളയാറിലെ മൂന്ന് ജനറേററുകൾക്ക് കേട് വന്നു. കറണ്ട് കട്ടിൽ നാല് ലക്ഷം തൊഴിലാളികൾ ആകെ കുഴപ്പത്തിലാണ്. ഈ രാജ്യത്ത് ഇലക്ട്രിസിററി വകുപ്പിനെയും ഇലക്ട്രിസിററി തൊഴിലാളികളെയും നശിപ്പിച്ചു. ആ സ്ഥാപനമുപയോഗിച്ച് കൈക്കൂലിയും അഴിമതിയുമല്ലാതെ ഒന്നുമില്ല സാർ. നമ്മുടെ രാജ്യത്തെത്തന്നെ നാശത്തിലേക്ക് നയിക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ച് ഒരു വിശദീകരണം കിട്ടണം.

## എം ജിനദേവൻ

ഇടമലയാർ പ്രോജക്ററിൻെറ കോൺട്രാക്ടറായ എച്ച് സി സിക്ക് ഇലക്ട്രിസിററി ഫെയിലുവറിൻെറയും തൊഴിൽത്തർക്കത്തിൻെറയുംപേരിൽ 145 ലക്ഷത്തിലധികം തുക കോമ്പൻസേഷൻ കൊടുത്തതിനെപ്പററി ഈ സഭയിൽ ഇതിനുമുമ്പും പറഞ്ഞതാണ്. ശ്രീ. ബാലകൃഷ്ണപിള്ള 15 ലക്ഷം രൂപ എച്ച് സി സിയിൽനിന്നും പാരിതോഷികം പററിയെന്നാരോപണം ഉന്നയിച്ചതാണ്. ശ്രീ. നായനാരുടെ ഗവൺമെൻറിൻെറ കാലത്താണ് ഇങ്ങനെ ചെയ്തത്. മന്ത്രിസഭയുടെ തീരുമാനത്തെ മറികടന്നുകൊണ്ട് എച്ച് സി സിക്ക് കോമ്പൻസേഷൻ കൊടുക്കുകയും പാരിതോഷികം പററുകയും ചെയ്തുവെന്ന് ഈ സഭയിൽ ആരോപണം ഉന്നയിച്ചിട്ട് അതേപ്പററി അന്വേഷിച്ചില്ല. അതിനുശേഷം എച്ച് സി സിക്ക് കരാർ കാലാവധി നീട്ടിക്കൊടുത്തു. കാലാവധിക്കുള്ളിൽ ജോലിതീർക്കാത്ത ആ കമ്പനിയെ പീനൽ ലൈസ്ചെയ്യുന്നതിനുപകരം ഡാംസൈററിൽ മണ്ണിടിഞ്ഞു വീണുവെന്ന് കള്ളരേഖയുണ്ടാക്കി വൻതുക എച്ച് സി സിക്ക് കൊടുത്തു. ഇങ്ങനെ ചെയ്തത് ഇടമലയാറിൻെറ ജോലി സമയത്തുതീർക്കാത്തതിൻെറ ഉത്തരവാദിത്വം അവർക്കല്ല വേറെ കാരണങ്ങളാലാണെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടിയാണ്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ നിലനിൽക്കുന്ന ചില കേസിൽനിന്നും സാങ്കേതികമായി രക്ഷപ്പെടുന്നതിനുവേണ്ടിയാണ്. ഇപ്പോഠം സംഭവിച്ചിരിക്കുന്നതെന്താണ്? ലോവർ പെരിയാറിൻെറ ടണൽ ജോലി കോൺട്രാക്ട് കൊടുത്തിരിക്കുന്നത് ലോവസ്ററുകാരെ എല്ലാം തള്ളിയിട്ട് എച്ച് സി സി ക്കാണ്. ഇതിനുവേണ്ടിയുള്ള ക്വട്ടേഷൻ 17–2–'83-ലാണ് പൊളിച്ചത്. ആറുപേർ ടെൻഡർ നൽകിയിരുന്നു. അഞ്ചുപേർ പ്രീ-ക്വാളിഫിക്കേഷൻ ഉള്ളവരാണ്. 1–3–'82-ൽ ചീഫ് എഞ്ചിനീയറെ നെഗോസിയേഷന് ക്ഷണിച്ചു. ചീഫ് എഞ്ചിനീയർ റിപ്പോർട്ടുതയ്യാറാക്കി എല്ലാവരുടെയും സാന്നിധ്യത്തിൽ ഏഷ്യൻ ടെൽക്ക് ആണ് ലോവസ്ററ് ടെൻഡർകാരനെന്ന റിപ്പോർട്ട് ബോർഡിന് സമർപ്പിക്കുകയും ചെയ്തു. സാധാരണ കീഴ്വഴക്കം അനുസരിച്ച് ബോർഡ് കൂടിയാലോചനകഠക്ക് നെഗോസിയേഷന് ലോവസ്ററ് ടെൻഡർകാരനായ ഏഷ്യൻടെക്കാരനെ മാത്രമെ ക്ഷണിക്കാവൂ. ബോർഡ്ലവലിലുള്ള കൂടിയാലോചനകഠ നടത്തി ടെൻഡറുകാർ ഓരോരുത്തരും ഇൻസിസ്ററ് (insist) ചെയ്തിരുന്ന കണ്ടീഷൻസ് പലതും പിൻവലിക്കാൻ അവസരംകൊടുത്തു. 13–7–82-ൽ എല്ലാവരുടെയും സാന്നിധ്യത്തിൽ ഫൈനൽ പരിശോധനയിൽ ഏഷ്യൻ ടെക് എന്ന ടെൻഡർകാരൻെറ തുക ഒരു കോടിയിൽപ്പരം കുറവാണെന്ന് വ്യക്തമായി. എല്ലാവരുടെയും സാന്നിധ്യത്തിൽ നടന്ന ടാബു

ലേഷനിൽ ഏഷ്യൻടെക്'ൻേറത്' 23 കോടി 48 ലക്ഷത്തിനാൽപത്തി നാലായിരം ആയിരുന്നു. എഛ്' സി സിയുടേത്' 24 കോടി 58 ലക്ഷത്തിഇരുപത്തിനാലായിരം ആയിരുന്നു. വ്യത്യാസം ഒരു കോടി ഒൻപതുലക്ഷത്തിഎൺപതിനായിരമാണ്'. ഫസ്'ററ്' ടെൻഡർ ഉറപ്പിച്ചുകൊടുക്കുന്നതിനുപകരം ബോർഡ്' തീരുമാനം എടുക്കാതെ മാററിവെച്ചു. അവസാനം എഛ്' സി സി യുമായി മാത്രം കൂടിയാലോചനകറം നടത്തുകയും അവർ ആദ്യം മുന്നോട്ടുവെച്ച ചില ഡിമാൻറുകളെല്ലാം അവരെക്കൊണ്ട്' പിൻവലിപ്പിച്ച്' അവരുടെ ടെൻഡർ ലോവസ്'ററാണെന്ന്' സ്'ഥാപിച്ച്' അവർക്ക്' കൊടുക്കുകയുമാണ്' ചെയ്'തത്'. 1–1–'83-ൽ ബോർഡ്' ചെയർമാൻ എഛ്' സി സിക്ക്' പ്രത്യേകം ലെററർ എഴുതിക്കൊടുത്തു. ഇതിൻെറ അടിസ്'ഥാനത്തിൽ 17 ലക്ഷം രൂപയോ മറേറാ കരാർ കൊടുക്കുകയാണ്' ചെയ്'തത്'. കരാറിനെ സംബന്'ധിച്ചുള്ള എല്ലാവിധ കീഴ്'വഴക്കങ്ങറംക്കെതിരാണ്', നിയമത്തിന്' വിരുദ്'ധമാണ്'. അതുപോലെ നാചപറൽ ജസ്'ററിസിനെതിരാണ്'. ഇതുസംബന്'ധിച്ചുള്ള തീരുമാനം എടുത്തയവസരത്തിൽ ബോർഡിൻെറ Finance Special Secretary ബാബുപോളും പങ്കെടുത്തിരുന്നില്ല. എഛ്' സി സിക്ക്' കൊടുത്ത ഈ കോൺട്രാക്'ട്' ഇനത്തിൽ 50 ലക്ഷംരൂപ പാരിതോഷികം നൽകി. ഞാൻ ഈ ആരോപണം ഉന്നയിക്കുന്നത്' വളരെ ഉത്തരവാദിത്വത്തോടുകൂടിയാണ്'. ശ്രീ. ബാലകൃഷ്'ണപിള്ളയെ മന്ത്രിസ്'ഥാനത്തുനിന്നും മാററിനിർത്തിക്കൊണ്ട്' ഒരു അന്വേഷണം നടത്താൻ തയ്യാറുണ്ടോ? ശ്രീ. പി ബി ജോർജ്' ഉറംപ്പെടെയുള്ള ഒരു നിയമസഭാകമ്മിററിയെക്കൊണ്ട്' അന്വേഷണം നടത്താൻ തയ്യാറായാൽ തെളിവുനൽകാൻ ഞാൻ തയ്യാറാണ്'. ഏഷ്യൻ ടെക്' ഹൈക്കോടതിയിൽപോയി സ്'റേറ വാങ്ങിയിട്ടുണ്ട്'.

ഇടുക്കി സെക്കൻഡ്' സ്'റേറജിൽത്തന്നെ സ്'ഥാപിക്കാനുള്ള സ്'ററീൽ ലൈനർ പയ്'പ്പ്'സ്' ട്രാൻസ്'പോർട്ടിംഗിന്' ടെൻഡർ ക്ഷണിച്ചു. ആ ടെൻഡറിൽ 'ഇന്ത്യൻ ഹ്യൂം (Hume) പയ്'പ്പു'കമ്പനിയും മദ്രാസിലെ 'വിന്നി' കമ്പനിയും ക്വട്ടേഷൻ നൽകി. വിന്നി കമ്പനിയുടേത്' 185 ലക്ഷംരൂപയും ഹ്യൂം പയ്'പ്പുകമ്പനിയുടേത്' 225 ലക്ഷം രൂപയുമായിരുന്നു. 'വിന്നി' കമ്പനി നെഗോഷിയേററുചെയ്'ത്' 165 ലക്ഷംരൂപയായി അവരുടെ സംഖ്യ കുറച്ചു. ഹ്യൂം പയ്'പ്പു കമ്പനി എഛ്' സി സി യുടെ മറെറാരു സിസ്'ററർ കൺസേണാണ്'. ഇന്ത്യയിലെ ഏററവും വലിയ കുത്തകകുടുംബത്തിൽപ്പെട്ട കമ്പനിയാണ്' എഛ്' സി സിയും ഹ്യൂം പയ്'പ്പുകമ്പനിയും. ഈ കമ്പനിക്ക്' കൊടുക്കുന്നതിനുവേണ്ടി ലോവർ പെരിയാർ കോൺട്രാക്'ടിൻെറ കാര്യത്തിൽ നടത്തിയതുപോലുള്ള അഴിമതി നടത്തി. 165 ലക്ഷം രൂപ വിന്നി കമ്പനി ക്വാട്ട്' ചെയ്'തിരുന്നതാണ്'. അവർ നിശ്'ചയിച്ച

റേററിൽ ഈ കമ്പനിക്ക് കൊടുക്കുകയാണ് ചെയ്തത്.

കഴിഞ്ഞദിവസം കക്കാട് പ്രോജക്ററിന്റെ കോൺട്രാക്ററിനെ സംബന്ധിച്ച അഴിമതി എം വി രാഘവൻ തുറന്നുകാണിച്ചതാണ്. അന്ന് ഈ മന്ത്രി പറഞ്ഞത് കക്കാട് പ്രോജക്ററിന്റെ കോൺട്രാക്ററായ കോട്ടയത്തെ സി എസ് കമ്പനിക്ക് 19 ലക്ഷം രൂപ അഡ്വാൻസ് നൽകിയത് പേമെൻറ് എഫക്ററിൽ (payment effect) വന്നിട്ടില്ല. സ്റേറ ചെയ്തിരിക്കുകയെന്നാണ്. അദ്ദേഹം ഈ സഭയെ മനഃപൂർവം തെററിദ്ധരിപ്പിക്കുകയായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതുപോലെ ടെൻഡർ കണ്ടീഷനിൽ എല്ലാംതന്നെ മൊബലൈസേഷൻ അഡ്വാൻസുകൊടുക്കാൻ വ്യവസ്ഥയുണ്ടായിരുന്നുവെന്നാണ്. അങ്ങനെ യാതൊരു വ്യവസ്ഥയുമില്ല. അഡ്വാൻസുകൊടുക്കേണ്ടതില്ല എന്നാണ് കോൺട്രാക്ററ് എഗ്രിമെൻറിലെ വ്യവസ്ഥ. അതനുസരിച്ച് എഴുതിക്കൊടുത്ത എഗ്രിമെൻറ്വെച്ചശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞ് കോൺട്രാക്ററർ ബോർഡിൽ നേരത്തെ കൊടുത്ത ഒരു ലെററർ എടുപ്പിച്ച് ബോർഡിൽ സമ്മർദം ചെലുത്തി 19 ലക്ഷം രൂപ അഡ്വാൻസുകൊടുക്കുകയാണുണ്ടായത്. ഈ കാര്യത്തിൽ അഴിമതിയുണ്ട്. 5 ലക്ഷം രൂപ ഈ ഇനത്തിൽ കോട്ടയത്തെ സി എസ് കമ്പനിയിൽനിന്നും ഈ മന്ത്രി കൈക്കൂലി വാങ്ങിയെന്നാണ് ഞാൻ ആരോപിക്കുന്നത്. ഇതിനെക്കുറിച്ച് ഒരു സിററിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിച്ചാൽ തെളിയിക്കാൻ തയ്യാറാണെന്നു മാത്രമെ എനിക്ക് പറയാനുള്ളു. ഇന്നുരാവിലെ ഒരു ചോദ്യത്തിന് മറുപടിപറഞ്ഞപ്പോൾ അഡ്ജസ്ററുമെൻറായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അങ്ങനെയല്ല. ഇലക്ട്രിസിററി വാണിജ്യാടിസ്ഥാനത്തിൽത്തന്നെ ഉൽപാദിപ്പിക്കുകയും അന്യസംസ്ഥാനങ്ങൾക്ക് കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിനുവേണ്ടി മാത്രം നമ്മുടെ റിസർവോയറുകളിൽ ഇലക്ട്രിസിററി ഉൽപാദിപ്പിച്ചു. ഇടുക്കിപോലുള്ള പദ്ധതി ആസൂത്രണംചെയ്യുമ്പോൾ ഡ്രൈ-സീസണിൽ ആവശ്യമുള്ള വെള്ളം ഒരു വർഷം ഒരിഞ്ചു മഴപോലും കേരളസംസ്ഥാനത്തു പെയ്യുന്നില്ലെങ്കിൽപോലും ഇവിടെയുള്ള റിസർവോയറുകളിൽ സംഭരിക്കുന്ന ജലം ഉപയോഗിച്ച് ഒരു വർഷം മുടങ്ങാതെ ഇലക്ട്രിസിററി ഉൽപാദിപ്പിക്കുവാനും ആവശ്യങ്ങൾ നടത്തുവാനും കഴിയുമെന്നുള്ളത് വളരെ വ്യക്തമാണ്. ഇലക്ട്രിസിററി ഉൽപാദിപ്പിക്കുന്ന കാര്യത്തിൽ, മററ് സംസ്ഥാനങ്ങളിൽപോയി സാങ്കേതികമായ ചില പദപ്രയോഗങ്ങൾ നടത്തിയ ഈ മന്ത്രി സഭയെയും ഈ രാജ്യത്തെയും തെററിദ്ധരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇടുക്കിയുടെ ഇൻവെസ്ററിഗേഷൻ റിപ്പോർട്ടിലും അതുപോലെതന്നെ സെൻട്രൽ വാട്ടർ ആൻറ് പവർ കമ്മീഷന്റെ പ്രോജക്ററ് റിപ്പോർട്ടിലുമൊക്കെ

ഈ കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്. ശ്രീമാൻ കൊച്ചുകോശി ബോർഡ് ചെയർമാനായിരുന്ന കാലത്ത്, ശ്രീമാൻ ഇട്ടി ഡാർവിൻ ബോർഡിലെ ടെക്നിക്കൽ മെമ്പറായിരുന്ന കാലത്ത് പലപ്പോഴും കെ എസ് ഇ ബോർഡിൽ ഈ പ്രശ്നം ചർച്ചചെയ്യുകയും ചില നിഗമനങ്ങളിൽ എത്തുകയും ചെയ്തിരുന്നു. പക്ഷെ, അത്തരത്തിലുള്ള സാങ്കേതിക ഉപദേശങ്ങളൊന്നും ശ്രദ്ധിക്കാൻ, വല്ല ഇലക്ട്രിസിററി ബോർഡ് സെക്ഷൻ ആപ്പീസറുടെയും തലയ്ക്കുമുകളിൽ ചില ന്തിവല ഉണ്ടോയെന്ന് നോക്കി നടക്കുന്ന ഈ മന്ത്രിക്ക് സമയം കിട്ടിയിട്ടില്ല. ഇലക്ട്രിസിററിയെ സംബന്ധിച്ചിടത്തോളം ഇന്നോളം ഈ മന്ത്രി ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം മനഃപൂർവം തെററിദ്ധാരണ പരത്തുന്നവയാണ്. അതുകൊണ്ട് ഈ കാര്യങ്ങളെക്കുറിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

## സി പി മുസ്സാൻകുട്ടി

... മറെറാരു കാര്യം വിദ്യുച്ഛക്തി വകുപ്പിനെ സംബന്ധിച്ചാണ് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഏററവും വലിയ സമ്പത്ത് ജലവും വിദ്യുച്ഛക്തിയുമാണ്. അതനുസരിച്ച് നമ്മുടെ വ്യവസായങ്ങളെല്ലാം വളരേണ്ടതാണ്. കർണാടകത്തിനും തമിഴ്നാട്ടിനുമെല്ലാം വിദ്യുച്ഛക്തി കൊടുക്കുന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. നമ്മുടെ ബാലകൃഷ്ണപിള്ള വിദഗ്ധമായ രൂപത്തിൽ അഡ്ജസ്ററുമെൻറ് നടത്തുന്നുവെന്നൊക്കെയാണ് ഇവിടെ പറയുന്നത്. 5 കോടി 10 ലക്ഷം ഉറുപ്പികക്കുവേണ്ടിയുള്ള വിദ്യുച്ഛക്തിയുടെ കാശിനുവേണ്ടി കർണാടകസംസ്ഥാനത്തോടാവശ്യപ്പെട്ടു. പക്ഷെ, ഒരു കാര്യം, ഇവിടെ ഈ വിദ്യുച്ഛക്തി ക്ഷാമം ഉണ്ടാകുമെന്ന് കാലേക്കൂട്ടി ബോർഡിലെ വിദഗ്ധരായ എഞ്ചിനീയർമാർ ഈ മന്ത്രിയെ 'അറിയിച്ചതാണ്. മാത്രമല്ല, ഈ കൊല്ലത്തേക്ക് മഴയില്ലെങ്കിലും നമ്മുടെ സംസ്ഥാനത്തിനാവശ്യമുള്ള വിദ്യുച്ഛക്തി ഇവിടെ ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് അറിഞ്ഞയവസരത്തിലാണ് കർണാടകസംസ്ഥാനത്തിനും തമിഴ്നാടിനും വിദ്യുച്ഛക്തി വിൽപന നടത്തിയത്. അതിൽ വല്ല ചർച്ചയോ മറേറാ ഉണ്ടായെന്ന് എനിക്ക് പറയാൻ പററുകയില്ല. പല ആളുകളും ആരോപണങ്ങളം കൊണ്ടുവന്നിട്ടുണ്ട്. ഒരുകാര്യം, ഈ വിദ്യുച്ഛക്തി കൊടുക്കുന്നതിനെ സംബന്ധിച്ചും കേരളത്തിൽ പവർകട്ട് നടപ്പിൽവരുത്തുന്നതിനെ സംബന്ധിച്ചും ക്യാബിനറേറാ വിദ്യുച്ഛക്തിബോർഡോ അങ്ങനെ ഏതെങ്കിലും ഒരു ബോഡി ഏക

കണ്ഠമായി ഒരു തീരുമാനമെടുത്തതായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കണം. ഇവിടത്തെ വ്യവസായവകുപ്പുമന്ത്രിയും ലേബർ വകുപ്പുമന്ത്രിയും പറഞ്ഞതുകൊണ്ടാണോ ഈ വിദ്യുച്ഛക്തി മററ് സ്റേററുകൾക്ക് വിററ് കാശാക്കാനുള്ള നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം ഇലക്ട്രിസിററി ബോർഡോ ക്യാബിനററോ ഇത്തരത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. കേരളത്തിലെ ജനങ്ങളോടുള്ള പ്രതികാരമെന്ന രൂപത്തിൽ വിദ്യുച്ഛക്തി കൊടുക്കാത്തതിൻെറ ഫലമായി ഫാക്ടറികൾ അടച്ചുപൂട്ടിയതിനാൽ 4 ലക്ഷത്തോളം തൊഴിലാളികൾക്ക് ജോലിയില്ല. നമ്മുടെ രാജ്യത്തെ വ്യവസായത്തകർച്ചയിലേക്കും തുടർന്ന് സാമ്പത്തികതകർച്ചയിലേക്കും എത്തിക്കുന്നതിനുവേണ്ടി വിദ്യുച്ഛക്തിവകുപ്പുമന്ത്രി ബോധപൂർവം ശ്രമിച്ചു. ഇത് ഈ രാജ്യത്തിൻെറ താൽപര്യമായിരുന്നില്ല. സ്വന്തം താൽപര്യമായിരുന്നു. സ്വന്തം തൊഴിൽ കണ്ടെത്തലായിരുന്നു നമ്മുടെ വിദ്യുച്ഛക്തിമന്ത്രി സ്വീകരിച്ചത്. ആ രീതിയിൽ വിദ്യുച്ഛക്തി വിററ് കാശാക്കാൻ മാത്രമല്ല, അവിടെയുള്ള തൊഴിലാളികൾക്ക് ജോലി കൊടുക്കാതിരിക്കുകയും ചെയ്തു. ഇവിടെയുള്ള തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന ഉപകരണങ്ങൾ വാങ്ങിക്കാതെ മററ് സ്റേററുകളിൽനിന്നാണ് അവ വാങ്ങിയത്. അലുമിനീയം കണ്ടക്ടർ നിർമിക്കുന്ന ഏററവും നല്ല അലുമിനീയം ഫാക്ടറി ഇവിടെയുണ്ട്. അലിൻറ്, ട്രാക്കോ കേബിൾസ്, പ്രീമിയർ കേബിൾസ് എന്നിവ കേരളത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളാണ്. അലുമിനീയംകണ്ടക്ടർ സപ്ലൈ ചെയ്യാൻ അലിൻറുമായി ഉണ്ടായിരുന്ന ഓർഡർ റദ്ദുചെയ്തുകൊണ്ട് ബാംഗ്ലൂരിലും മദ്രാസിലുമുള്ള ഫാക്ടറികൾക്കാണ് ഓർഡർ കൊടുത്തത്. നമ്മുടെ കേരളത്തിലുള്ള ഫാക്ടറികൾ 105 ഉറുപ്പികക്ക് കൊടുക്കാമെന്നുപറഞ്ഞ കേബിൾ 125 ഉറുപ്പികക്ക് മററ് സ്ഥലങ്ങളിൽനിന്ന് വാങ്ങിച്ചുകൊണ്ട്, ഈ രാജ്യത്തിന് നഷ്ടമുണ്ടാക്കിക്കൊണ്ട്, കോടിക്കണക്കിന് ഉറുപ്പിക നമ്മുടെ ബാലകൃഷ്ണപിള്ള വാങ്ങിയെന്ന് എനിക്ക് പറയാൻ പററുകയില്ല. കാരണം അദ്ദേഹം കോടീശ്വരനാണ്. നമ്മുടെ രാജ്യത്ത് സാധാരണ പറയാറുണ്ട് ആകൃതി കണ്ടാൽ പ്രസവിക്കാറായ സ്ത്രീകൾക്ക് വിശപ്പുണ്ടാകുകയില്ലെന്ന് തോന്നുമെന്ന്. പക്ഷെ, പ്രസവിക്കാറായ സ്ത്രീകൾക്ക് വിശപ്പ് കൂടുകയാണ് സാർ. അതുപോലെ പണം കൂടിവരുന്ന ബാലകൃഷ്ണപിള്ളക്ക് പണം കാണുന്നിടത്തോളം കൊതിയാണ് എന്നാണ് തോന്നുന്നത്. വേറെ 19 കോടിയൊന്നും ഇവിടെ വരുകയില്ലല്ലോ. ട്രാൻസ്ഫോമറുകളെ സംബന്ധിച്ചാണെങ്കിൽ ഏററവും നല്ല ട്രാൻസ്ഫോമറുകൾ നിർമിക്കുന്ന ഫാക്ടറികൾ ഇവിടെയുണ്ട്. ഈ

ട്രാൻസ്ഫോമറുകൾ ഇവിടെനിന്നും വാങ്ങാതെ മഹാരാഷ്ട്രയിലുള്ള ഒരു കമ്പനിക്കാണ് ഓർഡർ കൊടുത്തിട്ടുള്ളത്. ബോംബെയിലൊക്കെ പറഞ്ഞുകേൾക്കുന്നത് മന്ത്രിയും മന്ത്രിയുടെ ബന്ധുക്കളുമെല്ലാം അവിടെ പോയാൽ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നത് ആ ഫാക്ടറിയാണെന്നാണ്. ഈ രാജ്യത്ത് ഉൽപാദിപ്പിക്കുന്ന വൈദ്യുതോപകരണങ്ങൾ വാങ്ങാത്തതുകൊണ്ട് ഇവിടത്തെ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തൊഴിലില്ലാത്ത സ്ഥിതിയുണ്ടാകുന്നു. ഇവിടെ ഉൽപാദിപ്പിക്കുന്ന ഇലക്ട്രിസിററി മററു സംസ്ഥാനങ്ങളിലേക്ക് കൊടുത്തുകൊണ്ട് ഇവിടത്തെ വ്യവസായങ്ങൾ തകർക്കുകയും നമ്മുടെ രാജ്യത്തെ ദരിദ്രമാക്കിത്തീർക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് മന്ത്രി ഇവിടെ സ്വീകരിച്ചുവന്നത്.

## വി കെ രാജൻ

സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അറബിനാടുകളിലെ ശിക്ഷാസമ്പ്രദായം കേരളത്തിൽ നടപ്പിലാക്കിയിരുന്നുവെങ്കിൽ ഈ ബാലകൃഷ്ണപിള്ളയുടെ കൈയും കഴുത്തും ജനനേന്ദ്രിയവും ഛേദിക്കപ്പെടേണ്ട കാലം അതിക്രമിക്കുമായിരുന്നു. സർ, ഞാൻ ഇവിടെ ഇലക്ട്രിസിററി വകുപ്പിനെ സംബന്ധിച്ച് പത്ത് (10) ആരോപണങ്ങൾ രേഖാമൂലം എഴുതിക്കൊടുത്തിട്ടുണ്ട്. ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയാൽ അതിൻെറ പൂർണമായ ഉത്തരവാദിത്വം ഏറെറടുക്കാൻ തയ്യാറാണെന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു. അതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും തയ്യാറാകണമെന്നും അഭ്യർത്ഥിക്കുന്നു. ഓരോന്നായി ഞാൻ ഇവിടെ വായിക്കാം.

1) കക്കാട് പവർ ടണലിൻെറ കോൺട്രാക്ററ് എഗ്രിമെൻറ് സൂപ്പർസീഡ് ചെയ്ത് ക്രമവിരുദ്ധമായി സി എസ് കമ്പനിക്ക് 25 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസായി കൊടുക്കുവാൻ തീരുമാനിച്ചു. അത് ക്രമവിരുദ്ധമായ നടപടിയാണ്. അതിൽ 10 ലക്ഷം പഞ്ചാബ് സിൻഡ് ബാങ്ക് ഈടിൻമേൽ ഈ സി എസ് കമ്പനി ഇതിനകം കൈപ്പററിയിരിക്കുന്നു. ഇത് അഴിമതിയാണെന്ന് തെളിയിക്കുന്നതിനാവശ്യമായ 8 ഫയലുകൾ ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള ഈ സഭയുടെ മുമ്പാകെ വെക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതിൻെറ നമ്പർ ഞാൻ ഇവിടെ വായിക്കാൻ പോവുകയാണ്.

1) C E (civil) General EE/T/KD/5/81/124
2) C E (civil) General EE/T/KD/5/81
3) Boards of File C 3/23780/81
4) C E (civil) EE/T/KD/5/81/104
5) Agreement executed by the Contractor No. 3/CEC/83–84 dated 12-5-1983
6) Note of CE (civil) to the Board dated 13-4-83
7) Letter dated 19-3-1983 from C S Company and their telegram dated 31-3-83
8) Note to the Board on 20-5-83 and 24-6-93 etc.

സർ, ഈ ടെൻഡർ നോട്ടീസിലും ടെൻഡർ വ്യവസ്ഥയിലും മൊബിലൈസേഷൻ അഡ്വാൻസ് നൽകാൻ വ്യവസ്ഥ ചെയ്തിരുന്ന ഇവർക്ക് സൈററിന് ഹാജരാക്കിയ യന്ത്രസാമഗ്രികളുടെ ഈടിൻമേൽ 90 ശതമാനം വിലകൊടുക്കുവാൻ മാത്രമെ കരാറിൽ പറഞ്ഞിരുന്നുള്ളു. നടത്തുന്ന ജോലി എഞ്ചിനീയർ സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം 10 ശതമാനം പേമെൻറ് നൽകാൻ വ്യവസ്ഥയുണ്ട്. ഇതുരണ്ടും ഈ കോൺട്രാക്റ്റിൽ നടപ്പാക്കിയിട്ടില്ല. എന്നിട്ടും 29-6-83-ൽ പഞ്ചാബ് സിൻഡ് ബാങ്കിൻെറ ഈടിൻമേൽ 20 ലക്ഷം രൂപ കൊടുക്കാൻ തീരുമാനിച്ചു. ആ കമ്പനിക്ക് അതിനുള്ള സാമ്പത്തികശേഷി ഇല്ലെന്നുള്ള കാരണത്താൽ ഒരു ലക്ഷം രൂപ കുറച്ച് 19 ലക്ഷം മാത്രമെ അവർക്ക് വാങ്ങാൻ കഴിഞ്ഞുള്ളു. കാരണം ഒരു ലക്ഷം രൂപ മൂലധനമുള്ള ഒരു കമ്പനിയാണ് സി എസ് കമ്പനി. അതിൻെറയടിസ്ഥാനത്തിൽ അവരോട് ആ സംഖ്യ വാങ്ങിക്കാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ ഒപ്പുവെച്ച എഗ്രിമെൻറിനു വിരുദ്ധമായിട്ടാണ് ഈ പറയുന്ന മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കാൻ തീരുമാനിച്ചത്. അതിനുപകരമായി ഒരു സപ്ലിമെൻററി എഗ്രിമെൻറ് എഴുതി വാങ്ങിച്ചിരിക്കുന്നു. അങ്ങനെ നീചമായ രീതിയിൽ ഈ സംസ്ഥാനത്തെ ഇലക്ട്രിസിററി ബോർഡിനെ മുടിക്കുന്ന ബാലകൃഷ്ണപിള്ള 19 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം വാങ്ങിച്ചിരിക്കുന്നുവെന്ന് ആധികാരികമായി ഞാൻ ആരോപണം ഉന്നയിക്കുന്നു. അത് തെളിയിക്കാൻ ഞാൻ ഇവിടെ വായിച്ച രേഖകൾ മന്ത്രി ഇവിടെ ഹാജരാക്കണം.

2) ഇടുക്കി രണ്ടാംഘട്ടത്തിനുവേണ്ടിയുള്ള മൂന്ന് (3) ട്രാൻസ്ഫോമറുകൾ വാങ്ങുന്നതിന് പൊതുമേഖലാ സ്ഥാപനമായ ടെൽക്കിന് ഓർഡർ കൊടുത്തു. എന്നാൽ അത് റദ്ദു ചെയ്തു. അതിനുശേഷം ക്രോപ്ടൻ എഞ്ചിനീയറിംഗ് കമ്പനിക്ക് ഓർഡർ കൊടുത്തു. ഈ ഇടപാടിൽ ഏജൻറായി പ്രവർത്തിച്ചത് ബാലകൃഷ്ണപിള്ളയുടെ സഹോദരിയുടെ മകളുടെ ഭർത്താവായ പരമേശ്വരൻകുട്ടിയാണ്. ഈ വകയിൽ 20 ലക്ഷം രൂപ മന്ത്രിക്ക് ലഭിച്ചു.

3) ബോർഡിന് അലുമിനിയം കണ്ടക്ടർ സപ്ലൈ ചെയ്തിരുന്നത് കേരളത്തിലുള്ള അലിൻഡ്ഡ് ട്രാക്കോ കേബിറം, പ്രീമിയർ കേബിറംസ് തുടങ്ങിയവയായിരുന്നു. ഇതിൽ അലിൻഡ് കമ്പനിക്ക് അലുമിനിയം കണ്ടക്ടർ സപ്ലൈ ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിരുന്നു. എന്നാൽ ആ ഉത്തരവ് റദ്ദുചെയ്യുകയും ഒമേഗ മദ്രാസ് ഫാൽക്കം മദ്രാസ്, മോഹൻ അലുമിനിയം ബാംഗ്ലൂർ എന്നീ കമ്പനികറംക്ക് കൊടുത്ത വകയിൽ 15 ലക്ഷം രൂപ ഈ കമ്പനികളിൽ നിന്നായി മന്ത്രി വാങ്ങിക്കുകയും ചെയ്തു. അലിൻഡ് ലോവസ്ററേററിന് സപ്ലൈ ചെയ്യാമെന്ന് ബോർഡിന് എഴുതിക്കൊടുത്തിട്ടുള്ളതുമാണ്.

4) ട്രാൻസ്മിഷൻ ടവേഴ്സിൻെറ പണി മദ്രാസിലെ ഗ്രോവൻ കമ്പനിക്ക്, ബോർഡ് ഉദ്യോഗസ്ഥൻമാർക്കെതിരായി റിപ്പോർട്ട് എഴുതിയിട്ടും, മന്ത്രി നല്ല ഒരു സംഖ്യ അവരിൽനിന്നും വാങ്ങി അവർക്ക് പണികൊടുത്തു.

5) ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകറം സപ്ലൈ ചെയ്യുന്നതിനുള്ള ഓർഡർ പൊതുഉടമയിലുള്ള കെ ഇ എൽ നോ, സ്വകാര്യ ഉടമയിലുള്ള ഇന്ത്യൻ ട്രാൻസ്ഫോമേഴ്സിനോ കൊടുക്കാതെ സംസ്ഥാനത്തിനു പുറത്തുള്ള ജോൺസൺ എന്ന ഒരു കമ്പനിക്ക് കൊടുത്തു ലക്ഷക്കണക്കിനുരൂപ മന്ത്രി അടിച്ചെടുത്തു.

6) ലോവർ പെരിയാർ പദ്ധതിയിലെ ടണൽവർക്ക് ഏഷ്യൻ ടെൽക്ക് ലിമിററഡ് എന്ന കമ്പനി ലോവസ്ററുറേററിൽ ടെൻഡർ നൽകിയിട്ടും അവർക്ക് നൽകാതെ ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയിൽനിന്നും മന്ത്രി 20 ലക്ഷം രൂപ വാങ്ങി, ബാക്കി 30 ലക്ഷം രൂപ പിന്നീട് തരണമെന്ന വ്യവസ്ഥയിലും വർക്ക് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിക്ക് കൊടുത്തു. അതാണ് അൻപതിൽ ഇരുപത് കൊടുത്തിരിക്കുന്നത്. ഇപ്പോറം ഏഷ്യൻ ടെൽക്കിനുകൂടി കോൺട്രാക്ററുകൊടുത്തുകൊണ്ട് കേസ് പിൻവലിപ്പിച്ച് ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് വർക്ക് ചെയ്യിപ്പിക്കാനുള്ള നടപടി ഈ ബാലകൃഷ്ണപിള്ള സ്വീകരിച്ചിരിക്കുന്നു. ഏഷ്യൻ ടെൽക്കിന് ഇപ്പോറം പുതിയ വർക്ക് കൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

7) ബാലകൃഷ്ണപിള്ള മന്ത്രിയായിരിക്കുമ്പോറം ബോർഡ് വാങ്ങിയിട്ടുള്ള കേബിറം, ബറംബ്, മീററർ ട്രാൻസ്ഫോമറുകറം എന്നിവ ഗുണത്തിൽ മോശമായതുകൊണ്ട് ഉപയോഗശൂന്യമായിക്കിടക്കുന്നു. തൻമൂലം ബോർഡിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. മന്ത്രിക്ക് കമ്മിഷൻ ലഭിച്ചുകഴിഞ്ഞു. ഈ കാര്യം നിയമസഭാ കമ്മിററിയെക്കൊണ്ട് അന്വേഷിപ്പിച്ചാൽ ബോധ്യപ്പെടുന്നതാണ്. ഈ സ്ഥലത്തുപോയി അന്വേഷിക്കാൻ ബാലകൃഷ്ണ

പിള്ളക്ക് ധൈര്യമുണ്ടെങ്കിൽ പി സി ജോർജ് അടക്കമുള്ള ആളുകളെ അല്ലെങ്കിൽ കെ എം മാണി അടക്കമുള്ള ആളുകളെ കൊണ്ടുപോയി പരിശോധിച്ചാൽ അറിയാവുന്നതാണ്. ഇപ്പോഴും അവിടെ ഉപയോഗ ശൂന്യമായിക്കിടക്കുകയാണ്.

8) അടിയന്തരമായി കൂടുതൽ പവർ ലഭിക്കുന്നതിനുവേണ്ടിയുള്ള സിവിൽവർക്ക് ഒന്നും നടത്താതെ നമ്മുടെ ഡിസൈഡ് കപ്പാസിററിയെക്കാൾ കൂടുതൽ ഉൽപാദിപ്പിക്കപ്പെടുന്ന കറൻറ് തമിഴ്നാട്, കർണാടക സ്റേറററുകൾക്ക് വിററ് മന്ത്രി ധാരാളം പണംമേടിച്ചു. വൻകിട ഫാക്ടറിഉടമകളിൽനിന്നാണ് വാങ്ങിയത്. അതിൻെറ കണക്കും എൻെറ കയ്യിലുണ്ട്. ഞാൻ കണക്ക് വായിക്കാം. അതൊക്കെ രേഖകൾ സഹിതമാണ് പറയുന്നത്. വെറുതെ പറയുന്നതുമല്ല. ഇതെല്ലാം കാണിക്കുന്നത് ബാലകൃഷ്ണപിള്ളയുടെ ധനാധിപത്യത്തോടുള്ള കൂറാണ്. അതുസംബന്ധിച്ച് അന്വേഷണം നടത്തണം. അതിനുമുമ്പ് കൊടുത്ത കറൻറ്—ആർക്കും കറൻറ് കട്ട് കാലത്ത് കൊടുത്തിട്ടില്ലെന്ന് പറഞ്ഞല്ലോ—തമിഴ്നാടിന് കൊടുത്തത്, എം ആർ എഫിനുകൊടുത്തത്, അതിൻെറയെല്ലാം കണക്കുണ്ട്. കറൻറ്കട്ട് യാതൊരു കാരണവശാലും ഏർപ്പെടുത്തേണ്ടിവരില്ലായിരുന്നു. കഴിഞ്ഞ ഏപ്രിൽമാസം കൊടുത്തതിനെക്കാൾ കൂടുതൽ കറൻറ് ഈ ഏപ്രിൽമാസത്തിൽ എം ആർ എഫ് പോലുള്ള കമ്പനികൾക്ക് ബാലകൃഷ്ണപിള്ള കൊടുത്തു. എൻെറ കൈയിൽ കണക്കുണ്ട്. ഈ കണക്ക് ഹാജരാക്കാൻ ഞാൻ തയ്യാറാണ്. കൃത്യമായും ബോർഡിൽനിന്നും കിട്ടിയ കണക്കാണ് ഇതെല്ലാം.

9) ബോർഡിൽ 12 കമ്പനികളിൽനിന്നും സാധനങ്ങൾ വാങ്ങുന്നതിൻെറ ഏജൻറായി പ്രവർത്തിക്കുന്നത് ബാലകൃഷ്ണപിള്ള മന്ത്രിയായതിനുശേഷം നിശ്ചയിച്ച സഹോദരിയുടെ മകളുടെ ഭർത്താവായ പരമേശ്വരൻകുട്ടിയാണ്. അതോടൊപ്പം പർച്ചേസ് കമ്മിററിയെ തൻെറ ഇംഗിതത്തിനൊപ്പം നിൽക്കുന്നവരുടെ താവളമാക്കി മാററുകയുംചെയ്തു. എന്നുമാത്രമല്ല, പൊതുമേഖലാസ്ഥാപനങ്ങൾക്ക് സ്വകാര്യസ്ഥാപനങ്ങളിൽനിന്ന് 15 ശതമാനം കൂടുതൽ ക്വാട്ട്ചെയ്യാനുള്ള സൗകര്യം ബാലകൃഷ്ണപിള്ള മന്ത്രിയായപ്പോൾ ഇല്ലാതാക്കി. അങ്ങനെയാണ് വൻതുകകൾ തട്ടി എടുക്കാനുള്ള സംവിധാനം ബാലകൃഷ്ണപിള്ള ശരിപ്പെടുത്തിയത്.

10) കോടിക്കണക്കിന് രൂപ ബാലകൃഷ്ണപിള്ള മന്ത്രിയായതിനുശേഷം അവിഹിതമായ മാർഗത്തിൽക്കൂടി സമ്പാദിച്ചു. സ്വിസ്ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചു. നിരവധി മണിമന്ദിരങ്ങൾ പടുത്തുയർത്തി. ബാലകൃഷ്ണപിള്ളയെ മന്ത്രിസ്ഥാനത്തുനിന്നും മാററിനിർത്തിയതിനുശേഷം അന്വേഷണം നടത്തിയാൽ ഈ കാര്യങ്ങൾ ബോധ്യമാകുന്നതാണ്. ഞാൻ ഈ പറഞ്ഞത് ബാലകൃഷ്ണപിള്ള

പലപ്പോഴും പറയാറുണ്ട് താൻ വലിയ പണക്കാരനാണെന്ന്. തൻെറ പിതാവിന് വലിയ പണമുണ്ടായിരുന്നുവെന്ന്. ഞാൻ പറയുന്നു 34 ലക്ഷംരൂപ ചെലവഴിച്ചുകൊണ്ട് വാളകം എന്നുപറയുന്ന സ്ഥലത്ത് ബാലകൃഷ്ണപിള്ള സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ കെട്ടിടം പണിയുന്നു. ഇത് ജനാധിപത്യമുന്നണിയിൽനിന്ന് ആളുകൾ പോയി അന്വേഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. തിരുവനന്തപുരത്തെ രണ്ട് മണിമന്ദിരങ്ങൾ. കൊട്ടാരക്കര മറെറാരു മന്ദിരം. ഒരു സെൻററ് ഭൂമിപോലും ബാലകൃഷ്ണപിള്ള മിച്ചഭൂമിയായി സർക്കാരിന് കൊടുത്തിട്ടില്ല. അത്ര ഭീമമായ ഭൂവുടമയാണെങ്കിൽ ഈ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയപ്പോൾ മിച്ചഭൂമി ഏൽപിക്കേണ്ടതായിരുന്നു. അച്ഛൻ മരിക്കുന്ന അവസരത്തിൽ വലിയ ബാങ്ക് ബാലൻസിൻെറ കണക്കുകളൊന്നും വന്നിട്ടില്ല. ഇദ്ദേഹം മന്ത്രിയായതിനുശേഷം കട്ടുമുടിച്ചുണ്ടാക്കിയ പണമാണെന്ന് ഞാനാരോപണം ഉന്നയിക്കുന്നു. സ്വിസ്ബാങ്കിൽ പണം ഉണ്ടെന്നതിന് ഉദാഹരണമായി ഞാൻ പറയുന്നത് അദ്ദേഹത്തിൻെറ മരുമകൻ മിസ്ററർ ബാലകൃഷ്ണൻ (ആർ ഡി ഒ) അദ്ദേഹം ഇതിനകം ഗൾഫിൽ പോയി. ഗ്രീൻചാനൽവഴിപോയി തിരിച്ചുവന്നു. തിരിച്ചു വന്നപ്പോൾ ബാലകൃഷ്ണപിള്ള തമിഴ്നാട്ടിൽ ഇലക്ട്രിസിററിയുടെ കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു ഔദ്യോഗിക ടൂർവെച്ച് തലേദിവസംപോയി. കസ്ററംസ്കാർ വരുമെന്ന് ഭയന്നാണ് പോയത്. അങ്ങനെ സ്വിസ്ബാങ്കിൽപോയി പണം ഡപ്പോസിററ്ചെയ്ത് തിരിച്ചുവന്നിരിക്കുകയാണ്. അതാണ് ബാലകൃഷ്ണപിള്ളയെപ്പററി അന്വേഷണം നടത്തണമെന്ന് ഞാൻ പറഞ്ഞത്.

## എ കെ ശശീന്ദ്രൻ

ഒരു പ്രധാനപ്പെട്ട കാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ശ്രമിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിലെ കണ്ണൂർ മേഖലയിലുള്ള ഒരു ഫാക്ടറിയാണ് 'വെള്ളൂർ ന്യൂസ് പ്രിൻറ് ഫാക്ടറി'. ആ ഫാക്ടറിയിൽ ഇലക്ട്രിക്കൽ ഇറക്ഷൻവർക്ക് നടത്തുന്നുണ്ട്. അത് നടത്തുന്നത് വെസ്റേറൺ ഇന്ത്യ ഇറക്റേറഴ്സ് പൂന എന്നുപറയുന്ന സ്ഥാപനമാണ്. 21 കോടിരൂപയുടെ ചെലവ്‌വരുന്ന ഒരു പരിപാടിയാണിവിടെ നടക്കുന്നത്. 20 000 കെ വി ശക്തിയുള്ള മൂന്ന് ട്രാൻസ്ഫോമറുകളും അതിനുവേണ്ട ജോലികളുമാണ് അവർ അവിടെ ചെയ്തുതീർക്കേണ്ടിയിരുന്നത്.

ആ ജോലി നടത്തിക്കുവാൻ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് കൊടുക്കുന്നതിൽ നമ്മുടെ വകുപ്പുമന്ത്രി അന്യായമായി,

അവിഹിതമായി ഇടപെട്ട് അത് നേടിക്കൊടുക്കുകയും അതിലൂടെ കോടിക്കണക്കിന് രൂപയുടെ, ഏതാണ്ട് പത്തുകോടിരൂപയുടെ തിരിമറികൾ നടത്തുകയും ആ വെട്ടിപ്പിൽ മന്ത്രി പങ്കാളിയാവുകയും ചെയ്തുവെന്ന ആക്ഷേപമാണ് ഞാൻ ഉന്നയിക്കുന്നത്....(ബഹളം) സർ, ഞാൻ ഇത് എഴുതിത്തന്നതാണ്. മന്ത്രിക്ക് മറുപടി പറയാൻ സമയമുണ്ട്. എന്റെ സമയം വെറുതെ കളയരുത്. ഇതിന് ലൈസൻസ് കൊടുക്കേണ്ടത് സാങ്കേതികമായിപ്പറഞ്ഞാൽ മന്ത്രിയല്ല; ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേററിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈസൻസിംഗ് ബോർഡാണ്. അതിനെക്കുറിച്ചൊന്നും ഞങ്ങൾക്ക് സംശയമില്ല. ആ ബോർഡിന്റെ മുമ്പാകെ പ്രസ്തുത സ്ഥാപനം 1979-ൽ അപേക്ഷയുമായി രംഗത്തുവന്നു. അന്ന് ആ ബോർഡ് യോഗം ചേർന്ന് ഇവർ അയോഗ്യരാണെന്ന് കണ്ട് അപേക്ഷ തള്ളി. ഇങ്ങനെ പറയാൻ കാരണം ഈ സ്ഥാപനം ബോർഡിനെ സമീപിച്ചു. അത് 1980-ലാണ്. അന്നും ബോർഡ് ഇവരുടെ അപേക്ഷ നിരസിച്ചു. അപ്പോഴാണ് ഈ സ്ഥാപനം നമ്മുടെ മന്ത്രിയുമായി ബന്ധപ്പെടുന്നത്. മന്ത്രി ബോർഡിനോട് ഇവർക്ക് ലൈസൻസ് കൊടുക്കണമെന്ന് പറഞ്ഞു. അന്നത്തെ അധികാരികൾ അത് നിരസിച്ചു. കാരണം അന്യായമായ ഈ നടപടിചെയ്യാൻ അവർ തയ്യാറില്ലാ എന്നാണ്. മന്ത്രിയുടെ ഓഫീസിൽനിന്നും മന്ത്രിയുടെ പേഴ്സണൽ സ്ററാഫിൽപെട്ട ഉദ്യോഗസ്ഥനെ ഇവരോടൊപ്പം കൂടെ അയച്ചു. എന്നിട്ടും പററിയില്ല. അവിടെ ഒരു ശീതസമരമാരംഭിച്ചു. അത് വേറൊരു കഥയാണ്. ചീഫ് ഇലക്ട്രിക്കൽ ഓഫീസറും മന്ത്രിയും ഒരു ശീതസമരത്തിലാണ്. എന്ത് ചെയ്തു? സാധാരണനിലയിൽ ഒരു ബോർഡിന് ഒരു കാലാവധിയുണ്ട്. ഇത് രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ഒരു വർഷക്കാലമാണ് ബോർഡിന്റെ കാലാവധി. നാലോ അഞ്ചോ മാസം കഴിയുന്നതിനുമുമ്പുതന്നെ ആ ബോർഡ് പിരിച്ചുവിട്ടു. എന്നിട്ട് കീഴ്വഴക്കങ്ങളെല്ലാം ലംഘിച്ചുകൊണ്ട് ഫൈനാൻസ് സ്പെഷ്യൽ സെക്രട്ടറിയെ ചെയർമാനാക്കി പുതുതായി ബോർഡുണ്ടാക്കി. സാധാരണ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറാണ് ചെയർമാനാകേണ്ടത്. ആ ബോർഡുണ്ടാക്കിയ അതേ തിയതിതന്നെ ബോർഡുയോഗം പോലുംകൂടാതെ ഇദ്ദേഹത്തിന് ലൈസൻസ് ഇഷ്യുചെയ്യുകയും ചെയ്തു. എന്തിനാണ് സാർ ഈ തെററായ നടപടിക്രമങ്ങൾ സ്വീകരിച്ചത്. പച്ചവെള്ളം കുടിക്കാൻവേണ്ടിയാണോ? അതുകൊണ്ടും തീർന്നില്ല. ഈ ജോലി ചെയ്യണമെങ്കിൽ അവിടെ വെസ്റേറൺ ഇന്ത്യ ഇറക്റേറഴ്സ് എന്നുപറയുന്ന സ്ഥാപനം ആ ജോലി സംബന്ധിച്ച സ്കെച്ചും, പ്ലാനും സാധനങ്ങളുടെ സ്പെസഫിക്കേഷനുമെല്ലാം പരിശോധിച്ച ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിപത്രം വാങ്ങിയിരിക്കണം. അതാണ്

വ്യവസ്ഥ. ഈ കാര്യത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി അദ്ദേഹം വാങ്ങിച്ചിട്ടുണ്ടോ? വാങ്ങിച്ചിട്ടില്ല. കൊടുക്കാൻ മന്ത്രി കൽപിച്ചു. കൊടുത്തില്ല. അദ്ദേഹത്തെ സസ്പെൻഡ്ചെയ്തു. ഇതുസംബന്ധിച്ച ഫയലുകൾ ഉണ്ട്. മന്ത്രി ആ ഫയലുകളിൽ ഒരു മിനുക്കംവരുത്തി. 'നമശിവായം' എന്നുപറയുന്ന സീനിയർ ഓഫീസർ കത്തയച്ചു. എന്തിനാണ് കത്തയച്ചത്. എസ്, ഡയറക്റ്റഡ് ബൈ ദ മിനിസ്റ്റർ എന്നുപറഞ്ഞുകൊണ്ടാണ് അയച്ചത്. എന്തിനാണ് സർ ഇത്? ഫയലുകൾ വരുത്തിച്ചു. ആ ഫയലിൽ ഡപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി രവീന്ദ്രൻ നായർ,....അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. വിജിലൻസുകാർ തന്നെ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്താണെന്നോ? ആ രേഖകൾ മാത്രം ഞാൻ വായിക്കാം.

For the irregularities disclosed in connection with the allegations, the accused, Chief Electrical Inspecter Shri. T. Raveendran Nair may be dealt with departmentally. എന്നുപറഞ്ഞ് ഒരു ഉദ്യോഗസ്ഥനെ അവരുടെ രഹസ്യസങ്കേതത്തിലേക്ക് അയച്ചു. അവിടെവെച്ച് വ്യാജസീൽ ഉപയോഗിച്ചു (ഓഫീസ് സീൽ അല്ല) അംഗീകാരം നൽകി. ആ ഫയൽ പരിശോധിച്ചാൽ മനസ്സിലാകും. ആ ഓഫീസ്ഫയലിന്റെ കോപ്പി എന്റെ കൈയിലുണ്ട്. അങ്ങനെ അംഗീകാരം കിട്ടിയ ഈ സ്ഥാപനം സ്പെസിഫിക്കേഷനിൽ പറഞ്ഞ ഉപകരണങ്ങൾ ഉപയോഗിക്കാതെ മൂല്യം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട്, അതിലൂടെയാണ് വെട്ടിപ്പു നടത്തിയത്. ഒന്നും ബാധകമല്ല അവർക്ക്. ഇഷ്ടമുള്ള മൂല്യം കുറച്ച് അങ്ങനെ 21 കോടിരൂപ ചെലവാക്കേണ്ടിയിരുന്ന സ്ഥാനത്ത് പത്തുകോടിയോളം മാത്രമെ ചെലവഴിച്ചുള്ളു. ബാക്കി 11 കോടി രൂപ ഏതൊക്കെ വഴികളിലൂടെ പോയി, എങ്ങനെ പോയി എന്നുള്ളത് ഈ രാജ്യത്തെ ജനങ്ങൾക്കറിയണം. ഞാൻ പറയുന്നു അതിനുത്തരവാദി ശ്രീ. ആർ ബാലകൃഷ്ണപിള്ളയാണെന്ന്. നിഷേധിക്കാമോ? അവിടംകൊണ്ടും കഥയവസാനിച്ചെങ്കിൽ അത് ഒരഴിമതിയുടെ കഥമാത്രമായിരുന്നു. ആ ഫാക്റ്ററിക്ക്, ആ സ്ഥാപനത്തിന് 15 വർഷമെങ്കിലും ഗ്യാരണ്ടി ഉണ്ടാകേണ്ടതായിരുന്നു. പക്ഷെ ഈ സ്ഥാപനം കൊടുത്ത ഗ്യാരണ്ടി എത്രയാണെന്നറിയാമോ? ഇത്രയും വലിയ പ്രോജക്റ്റിന് ഗ്യാരണ്ടി ഒരുവർഷമാണ്. ഇനി മൂന്നു മാസമേ ഗ്യാരണ്ടിയുടെ കാലാവധി അവസാനിക്കാനുള്ളു. സർ, നാലായിരത്തോളം (4000) തൊഴിലാളികൾ ആശങ്കയോടുകൂടി ഈ കാര്യം ഉന്നയിച്ചു. സി ബി ഐ അന്വേഷിച്ചു. സി ബി ഐ അന്വേഷിച്ചപ്പോൾ പറഞ്ഞത് ഏതു നിമിഷവും പൊട്ടിത്തെറിക്കാൻ പറ്റിയ പരുവത്തിലാണ് അവിടത്തെ പ്രസ്തുത ജോലികളെന്നാണ്.

അതോടുകൂടി അവിടത്തെ 4000 തൊഴിലാളികൾ എപ്പോൾ മരിക്കുമെന്ന് കാത്തിരിക്കുകയാണ്. മന്ത്രി പണത്തിൻെറ വെറികൊണ്ട് നടപടിക്രമങ്ങൾ തെററിച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യുകവഴി ആ സ്ഥാപനമിന്ന് ഒരു വൈദ്യുതിശ്മശാനമായി മാറിയിരിക്കുന്നു. ഇതാണ് സ്ഥിതി. ഈ നിയമസഭ മനുഷ്യത്വമുള്ളവരുടെ ഒരു നിയമസഭയാണെന്ന് ഞാൻ കരുതുന്നു. ഈ സർക്കാരിന് മനുഷ്യത്വമുണ്ടെങ്കിൽ ഈ നാലായിരം പേരെ കൊലയ്ക്കു കൊടുക്കുന്നതിനിടയാക്കുന്ന സാഹചര്യങ്ങളിലൂടെ കടന്നുപോയ മന്ത്രിയെക്കുറിച്ച് ഈ നിയമസഭ എന്തുനടപടികൾ സ്വീകരിക്കും. ഒന്ന് പതിനായിരം തൊഴിലാളികളെ തിരിമറിനടത്തിയ ഈ കേസിൽ അന്വേഷണം നടത്തുമോ? രണ്ട്, നാലായിരം തൊഴിലാളികളെ പച്ച ജീവനോടുകൂടി കൊല്ലാൻ ശ്രമിക്കുന്ന ഈ മന്ത്രിയെ തള്ളുമോ? അങ്ങനെ ഈ മന്ത്രിയെ തള്ളിക്കൊണ്ട് നാലായിരത്തോളം തൊഴിലാളികളുടെ ജീവൻ സംരക്ഷിക്കുമോ? അതാണിവിടത്തെ പ്രശ്നം. ഇതിന് മന്ത്രി മറുപടി പറയും. എന്തുകൊണ്ട് 500 രൂപ കെട്ടിവച്ചുകൂടാ എന്ന്. ഞാൻ 500 രൂപ കെട്ടിവയ്ക്കാൻ തയ്യാറാണ്. പക്ഷെ, ആ ഫയലുകൾ ഇപ്പോൾ സ്പീക്കറുടെ സംരക്ഷണത്തിൽ ഇവിടെ കൊണ്ടുവരുമോ? ഫയലുകൾ അദ്ദേഹത്തിൻെറ കൈയിൽ വച്ചിട്ട് ഞാൻ പണം കെട്ടിവയ്ക്കണമെന്നു പറഞ്ഞാൽ ആ ഫയലുകളിൽ കൃത്രിമത്വം കാണിക്കാൻ കഴിയും. എൻെറ കൈയിൽ അത്യാവശ്യം വേണ്ട കടലാസുകളുണ്ട്. അതുകൊണ്ട് ഞാൻ കെട്ടിവയ്ക്കാൻ തയ്യാറാണ്. എന്തുനടപടികൾക്കുപോകാനും തയ്യാറാണ്. ഫയലുകൾ സ്പീക്കർ ഇപ്പോൾ വിളിച്ചുവരുത്തണമെന്നുമാത്രം. ഇനി ഒരു നിമിഷം പോലും മന്ത്രിയുടെ കൈയിൽ വയ്ക്കാൻ പാടില്ല. അതിനു തയ്യാറുണ്ടെങ്കിൽ ഒരു വെല്ലുവിളിയായി ഈ ആരോപണം തെളിയിക്കാനുള്ള ബാധ്യത ഞാൻ ഏറെടുക്കാൻ തയ്യാറാണ്.

## എ വി താമരാക്ഷൻ

ഇലക്ട്രിസിററി ബോർഡിന് പ്രതിവർഷം 10000 പോളിഫേസ് മീറേറഴ്സ് ആവശ്യമുണ്ട്. അത്രയും പോളിഫേസ് മീറേറഴ്സ് തന്നെ ഈ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ യുണൈററഡ് ഇലക്ട്രിക്കൽസ് ഉൽപാദിപ്പിക്കുന്നുണ്ട്. എന്നാൽ ആർ ബാലകൃഷ്ണപിള്ള ഇലക്ട്രിസിററിബോർഡിൽ ആറുവർഷത്തേക്ക് ആവശ്യമുള്ള 68000 പോളിഫേസ് മീറേറഴ്സ് ഒന്നാകെ വാങ്ങുകയും അതിൽ 53000 പോളിഫേസ് മീറേറഴ്സ് ഈ സംസ്ഥാനത്തിനു വെളിയിലുള്ള സിംകോ മീറേറഴ്സ് ആൻഡ് ഇല

ക്ട്രിക്കൽസ് അടക്കമുള്ള കമ്പനിയിൽനിന്നു വാങ്ങിയതിൽ ലക്ഷക്കണക്കിനുരൂപ കമ്മിഷനായി ബാലകൃഷ്ണപിള്ള കൈപ്പററിയിരിക്കുന്നു. ഇതിൻെറ ഫലമായി ഒരു പൊതുമേഖലാസ്ഥാപനമായ യുണൈറഡ് ഇലക്ട്രിക്കൽസ് തകരുകയും ബാലകൃഷ്ണപിള്ള വളരുകയും ചെയ്യുന്നു.

186.64 ലക്ഷം രൂപക്കുള്ള 660 കിലോമീററർ എ സി എസ് ആർ കേബിറം ഒരു കിലോമീറററിന് 28450 രൂപക്ക് നെഗോഷിയേററ് ചെയ്ത് മദ്രാസിലുള്ള ഫാൽക്കൺ വയേഴ്സ്, ഒമേഗ എന്നീ കമ്പനികളിൽ നിന്നും ബാഗ്ളൂരിലുള്ള മോഹൻ അലുമിനിയത്തിൽ നിന്നും വാങ്ങിയതിൽ 37.32 ലക്ഷം രൂപ ആർ ബാലകൃഷ്ണപിള്ളക്ക് കമ്മിഷനായി ലഭിച്ചു. മദ്രാസിലെ കമ്പനികറം ക്വാട്ട് ചെയ്ത് 28450 രൂപ കേരളത്തിലുള്ള ഏക കമ്പനിയായ കുണ്ടറ അലിൻഡ് നെഗോഷിയേഷൻ കൊടുത്തിട്ട് അവർക്ക് ഒരു കിലോമീറററിനും ഓർഡർ കൊടുത്തില്ല. ഈ കമ്പനികളുടെ ഏജൻറ് ബാലകൃഷ്ണപിള്ളയുടെ അനന്തിരവളുടെ ഭർത്താവ് ശ്രീമാൻ. എ പി നായർ ആണെന്നത് ഒരു വസ്തുതയാണ്.

തിരുവനന്തപുരം നഗരത്തിൻെറ മാസ്ററർപ്ലാൻ എന്നു പറഞ്ഞുകൊണ്ട് ആർ ബാലകൃഷ്ണപിള്ള യു പി യിലുള്ള യൂണിവേഴ്സൽ കേബിറംസിൽനിന്നും രണ്ടുകോടി രൂപക്കുള്ള ക്വാളിററി കുറഞ്ഞ കേബിറം വാങ്ങി അതിൽനിന്നും അൻപതുലക്ഷം രൂപ ബാലകൃഷ്ണപിള്ളയുടെ പോക്കററിൽ കിട്ടി. ആ രണ്ടുകോടി രൂപയുടെ കേബിളുകളും ചീത്തയാകുകയും നമ്മുടെ സംസ്ഥാനത്തിന് രണ്ട് (2) കോടിരൂപ നഷ്ടപ്പെടുകയും ചെയ്തു. സ്വജനപക്ഷപാതത്തിൻെറ മറെറാരു കാര്യവും പറയുകയാണ്. അഴിമതിയുടെ പേരിൽ കൊട്ടാരക്കരതാലൂക്ക് തഹസിൽദാർ സ്ഥാനത്തുനിന്ന് ആർ ബാലകൃഷ്ണപിള്ളയുടെ അനന്തിരവൻ ഉണ്ണികൃഷ്ണൻ നായരെ പാലക്കാട്ടേക്ക് ട്രാൻസ്ഫർ ചെയ്തു. അത് ക്യാൻസൽ ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. റവന്യൂ വകുപ്പും അതിന് തയ്യാറായില്ല. അതുകൊണ്ട് ഇലക്ട്രിസിററി ബോർഡിലേക്ക് ഉണ്ണികൃഷ്ണൻ നായരെ ഡെപ്യൂട്ടേഷനിൽ എടുത്തു. ഡെപ്യൂട്ടേഷനിൽ എടുക്കുമ്പോറം ഇലക്ട്രിസിററി ബോർഡിൽ തഹസിൽദാർ തസ്തിക ഉണ്ടായിരുന്നില്ല. ആദ്യം ഇലക്ട്രിസിററി ബോർഡിൽ നിലവിലുണ്ടായിരുന്ന ഡെപ്യൂട്ടി തഹസിൽദാർ തസ്തിക, ജി ഒ (ആർ ടി) 281/83/P W ആൻറ് ഐ ഡേററഡ് 21-2-83 ഓർഡർപ്രകാരം നിലവിലുണ്ടായിരുന്ന ഡെപ്യൂട്ടി തഹസിൽദാർ തസ്തിക അപ്ഗ്രേഡ് ചെയ്ത്, തഹസിൽദാരായി ഉയർത്തുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം ജില്ലാകളക്ടർ നമ്പർ 53 33 18/83 ഡേററഡ് 2-3-83ൽ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് ഉണ്ണികൃഷ്ണൻനായരെ

തിരുവനന്തപുരത്ത് കെ എസ് ഇ ബി യിൽ ലാൻഡ് അക്വസിഷൻ സ്പെഷ്യൽ തഹസിൽദാരായി നിയമിച്ചു. പിന്നീട് ജി ഒ (ആർ ടി) നമ്പർ 193/83/ W ആൻറ് P dated 7-5-83 ലെ ഉത്തരവു പ്രകാരം ലാൻഡ് അക്വസിഷൻ തഹസീൽദാരുടെ ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരത്തു നിന്നും കൊട്ടാരക്കരക്ക് ഷിഫ്ററു ചെയ്തു. കൊല്ലം, പത്തനംതിട്ട ജില്ലകളുടെ പൂർണ്ണ അധികാരം ആർ ബാലകൃഷ്ണപിള്ള സ്വന്തം മരുമകനുകൊടുത്തിരിക്കുന്നു. ഈ ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷിക്കണമെന്നു ഞാൻ പറയുകയാണ്. ഈ സംസ്ഥാനത്തെ ജനങ്ങളോടു ബാധ്യതയുണ്ടെങ്കിൽ, ഉത്തരവാദിത്വമുണ്ടെങ്കിൽ ശ്രീ. കരുണാകരൻ ഇതിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകണമെന്നു ഞാൻ അഭ്യർഥിക്കുന്നു.

## ലോനപ്പൻ നമ്പാടൻ

സർ, കേരളം കണ്ടതിൽവച്ച് ഏററവും വലിയ അഴിമതിവീരനും ചുരുങ്ങിയകാലം കൊണ്ട് കോടീശ്വരനായ ആളുമാണ് ശ്രീ. ആർ ബാലകൃഷ്ണപിള്ള. അദ്ദേഹം അസത്യം മാത്രമെ പറയൂ. കേരളാ ഹൈക്കോടതി മുമ്പാകെ ഇലക്ഷൻ പെററീഷനിൽ മന്ത്രി ആർ ബാലകൃഷ്ണപിള്ള 24-2-83-ൽ കൊടുത്ത മൊഴി മേശപ്പുറത്തുവെക്കുന്നു. അതിൽ പല കാര്യങ്ങളും പറയുന്നുണ്ട്. തൻെറ പേരിൽ അഴിമതിയാരോപണങ്ങൾ ഗവൺമെൻറിൻെറ മുൻപിലുള്ളതായി അറിവില്ലായെന്നും ഇൻകംടാക്സ് കൊടുക്കുന്നതിലും കഴിഞ്ഞവർഷം കൊടുത്തത് എന്തു തുകയാണെന്ന് ഓർമിക്കുന്നില്ലെന്നും, 1000 രൂപയിൽ കുറവോ കൂടുതലോ ഏതാണെന്നുപോലും പറയാൻ കഴിയുകയില്ലെന്നും വഴുതക്കാട് ഉഷാമലരി എന്ന വീട് നിൽക്കുന്ന സ്ഥലം 25 വർഷം മുൻപ് അച്ഛൻ വാങ്ങിച്ചതാണെന്നും ആ വീടിന് 2 ലക്ഷം രൂപയെ നിർമാണച്ചെലവായിട്ടുള്ളുവെന്നും ആ വീടിന് എതിർവശം ഫുഡ് കോർപ്പറേഷന് വാടകയ്ക്ക് കൊടുത്തിട്ടുള്ള ആഫീസ് കെട്ടിടം രണ്ടാമത്തെ മകളുടെ സ്വന്തം സമ്പാദ്യത്തിൽ നിന്നുള്ളതാണെന്നും അവരിൽ ആർക്കും സ്വന്തവും സ്വതന്ത്രവുമായ ഒരു വരുമാനവുമില്ലെന്നും പറഞ്ഞിട്ടുണ്ട്. ആ വസ്തുക്കൾ അപ്രകാരം സമ്പാദിച്ചതിന് ബന്ധപ്പെട്ട രേഖകളൊന്നുമില്ല. മക്കളുടെ വരുമാനം മറെറാന്നാണ്. സർ, കോടീശ്വരനായ മന്ത്രിയുടെ ഇന്നത്തെ ആസ്തിയെക്കുറിച്ച് സി ബി ഐ യെ കൊണ്ട് അന്വേഷിപ്പിക്കണം. അതിൻെറ ഉത്തരവാദിത്വം കരുണാകരൻ ഏറെറടുക്കണം. 1982 നവമ്പർ 25-ാം തിയതി കമ്മീഷൻ ഓഫ് എൻക്വയറിസ് ആക്ററനുസരിച്ച് ബഹു: മന്ത്രി ആർ ബാലകൃഷ്ണപിള്ള പ്രസിഡൻറായുള്ള ഇടമുളയ്ക്കൽ

പഞ്ചായത്തിലെ മൂന്നു മെമ്പർമാർ ഉൾപ്പെടെ പതിനൊന്നുപേർ ഗവൺമെൻറിനു നൽകിയ വ്യക്തമായ അഴിമഴിയാരോപണത്തെ സംബന്ധിച്ച് എന്തുകൊണ്ട് ഇതേവരെ നടപടി സ്വീകരിച്ചില്ല. പ്രസ്തുത ഓർഡറിന്റെ കോപ്പി ഞാൻ മേശപ്പുറത്തുവെക്കുന്നു. മന്ത്രിക്കെതിരായി കേരള ഹൈക്കോടതിയിൽ 1981-ൽ O. P. 6264 ആയി ഒ ഗിരീഷ്, ചന്ദ്രബാബു തുടങ്ങിയവർ വ്യക്തമായ അഴിമതിയാരോപണങ്ങൾ ഉന്നയിക്കുകയും 82 നവമ്പർ 2-ന് ജസ്ററിസ് ഭട്ട് വിധി പ്രസ്താവിക്കുകയും ചെയ്തു. സർ, ഈ വിധിയിൽ കേരളാ ഗവൺമെൻറ് ചീഫ് സെക്രട്ടറിയോട് ഈ ആരോപണങ്ങളുമായി ബന്ധപ്പെട്ട പരാതിക്കാർക്ക് കൂടുതൽ പറയാനുള്ള വിവരങ്ങൾ കൂടി കണക്കിലെടുത്തു മേൽനടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ചീഫ് സെക്രട്ടറി നാളിതുവരെ യാതൊരു വിധമായ നടപടികളും എടുത്തിട്ടില്ല. ഈ കേസിൽ അണ്ടർസെക്രട്ടറി വ്യാജസത്യവാങ്മൂലം കൊടുത്തതായി വിധിയിൽ പരാമർശിക്കുകയും മേൽനടപടികൾക്കായി പരാതിക്കാർ വീണ്ടും കോടതിയെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ജഡ്ജിമെൻറിന്റെ കോപ്പി ഞാൻ മേശപ്പുറത്തുവെക്കുകയും ചെയ്യുന്നു. പ്രഥമദൃഷ്ട്യാ കേസുള്ള ഈ അഴിമതിയാരോപണങ്ങളെപ്പററി ഗൗരവമായി അന്വേഷിക്കണം. പുറമെ മന്ത്രിബന്ധു പരമേശ്വരൻകുട്ടിക്ക് ഓഹരിയുള്ളതും ഷെയർ ഉള്ളതുമായ കമ്പനികളുടെ മുഴുവൻ ലിസ്ററും ഞാൻ മേശപ്പുത്തുവെക്കുന്നു. കഴിഞ്ഞ 21-ാം തിയതി തിരുവനന്തപുരം മ്യൂസിയത്തിൽ നിന്നും തങ്കത്തകിട് മോഷണം പോയെന്ന ആരോപണം ഉന്നയിച്ചു. തങ്കത്തകിട് മോഷണം പോയതിനെപ്പററി അന്വേഷണം നടത്തണമെന്ന് എഴുതികൊടുത്തിട്ടുണ്ട്. അശ്വരഥത്തിന്റെ റിപ്പയറിംഗ് ആരംഭിക്കുന്നത് 26-10-82 ആണ്. സ്വർണം ഉണ്ടെന്നു റിപ്പോർട്ട് ചെയ്തുകൊണ്ട് പൊലീസ് സെക്യൂരിററി ഇടുന്നത് 10-11-82-ൽ ആണ്. ജൂൺ 27-ന് മന്ത്രി നിയമസഭയിൽ പറഞ്ഞത് അശ്വരഥം റിപ്പയറിന് വച്ച ദിവസം മുതൽ 24 മണിക്കൂർ സെക്യൂരിററി ഉണ്ടെന്നാണ്. ഇതു കള്ളമാണെന്നു ഞാൻ പറയുന്നില്ല. പക്ഷെ അസത്യമാണ്. ഇന്ന് ബഹുമാനപ്പെട്ട മന്ത്രി രേഖാമൂലംതന്ന മറുപടിയിൽ പറയുന്നത് ഞാൻ വായിക്കാം. ക്ലീനിംഗ് ആരംഭിച്ചത് 29-10-82ൽ. റിപ്പയർ ആരംഭിച്ചത് 4-11-82ൽ. സ്വർണം ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതും ചെക്കിംഗിന് പൊലീസ് സെക്യൂരിററി ആവശ്യപ്പെട്ടതും 4-11-82ൽ. പൊലീസ് വന്നത് 19-11-82ൽ. 29-10-82 മുതൽ 19-11-82 വരെ യാതൊരു സെക്യൂരിററിയും ഇല്ലാതെ തങ്കത്തകിട് വിററ് 32 ലക്ഷം രൂപ സമ്പാദിച്ചെന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുന്നു. അതിനെപ്പററി അന്വേഷണം നടത്തണം.

PG Library & Research Center

K. GOVINDA PILLAI
9 SUBHASH NAGAR
TRIVANDRUM - 8

PC Library & Research Center
3792

അഴിമതി:
അഴിമതി::
അഴിമതി:::